# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പെരുവന്താനം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA IDK 8-163/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 15/03/2022
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പെരുവന്താനം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പെരുവന്താനം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരുവന്താനം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA IDK 8-163/22 തീയ്യതി: 15/03/2022

## ഇടുക്കി ജില്ലയിലെ പെരുവന്താനം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ പെരുവന്താനം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 27-08-2019 മുതൽ 26-01-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സി. ആർ. ബീനാകുമാരി | ഡെപ്യൂട്ടി ഡയറക്ടർ | 27-01-2022 | 01-02-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 27-01-2022 | 01-02-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ടി. എസ്. ധനജയൻ, ഓഡിറ്റ് ഓഫീസർ
ശ്രീ. വി. ജി. സജിമോൻ, ഓഡിറ്റ് ഓഫീസർ
ശ്രീ. ജോസഫ് ചാക്കോ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ബെന്നി മാത്യു, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. എബി എബ്രാഹം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ഡെന്നീസ് ജോസഫ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ കെ റ്റി ബിനു | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ. റ്റിജി തോമസ് | സെക്രട്ടറി | 01-04-2019 | 31-03-2020 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി സിന്ധുമോൾ കെ കെ | അസിസ്റ്റൻറ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി സൗമ്യാ സണ്ണി | കൃഷി ഓഫീസർ | 01-04-2019 | 19-08-2019 |
| ശ്രീ സാജോമോൻ ജോസഫ് | കൃഷി ഓഫീസർ | 20-08-2019 | 31-03-2020 |
| ഡോ ജോസ് ഇ ഫിലിപ്പ് | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ ഹരിമോഹൻ സി എം | മെഡിക്കൽ ഓഫീസർ (ആയുർവേദം) ) | 01-04-2019 | 31-03-2020 |
| ശ്രീമതി രേണ പി ആർ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി സരിതാമോൾ കെ ജി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ റോയ് മോൻ മാത്യു | ഹെഡ്മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീമതി ഷിംജ ബഷീർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ശ്രീ ദിനേശ് ഡി കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ഡോ റിഷ്മ ആർ. സുന്ദരം | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-03-2020 |
| ഡോ. ദീപ്തി എസ് ബാല | മെഡിക്കൽ ഓഫീസർ (പി. എച്ച് സി) | 01-04-2019 | 31-05-2019 |
| ഡോ. ജിക്കുമോൻ ആർ | മെഡിക്കൽ ഓഫീസർ (പി. എച്ച് സി) | 01-06-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Joseph Chacko (Asst. Audit Officer, On 29-01-2022)<br>Last Updated By: Shyni M.R (Computer Assistant, On 22-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Benny Mathew (Auditor, On 27-01-2022)<br>Last Updated By: Sajitha K. (Computer Assistant, On 03-03-2022) | 1-2 |
| 3 | ഫണ്ട് വിനിയോഗം<br>Written By: Benny Mathew (Auditor, On 27-01-2022)<br>Last Updated By: Shyni M.R (Computer Assistant, On 22-03-2022) | 1-3 |
| 4 | പദ്ധതി അവലോകനം<br>Written By: Joseph Chacko (Asst. Audit Officer, On 29-01-2022)<br>Last Updated By: Shyni M.R (Computer Assistant, On 22-03-2022) | 1-4 |
| 5 | തൊഴിലുറപ്പ് പദ്ധതി<br>Written By: T.S.Dhanajayan (Audit Officer, On 31-01-2022)<br>Last Updated By: Shyni M.R (Computer Assistant, On 22-03-2022) | 1-5 |
| 6 | ക്ഷേമ പെൻഷനുകൾ<br>Written By: Joseph Chacko (Asst. Audit Officer, On 29-01-2022)<br>Last Updated By: Shyni M.R (Computer Assistant, On 22-03-2022) | 1-6 |
| 7 | ക്യാഷ് പരിശോധന<br>Written By: T.S.Dhanajayan (Audit Officer, On 31-01-2022)<br>Last Updated By: Shyni M.R (Computer Assistant, On 22-03-2022) | 1-7 |
| 8 | ആഭ്യന്തരനിയന്ത്രണം<br>Written By: T.S.Dhanajayan (Audit Officer, On 31-01-2022)<br>Last Updated By: Sajitha K. (Computer Assistant, On 17-03-2022) | 1-8 |
| 9 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: Benny Mathew (Auditor, On 01-02-2022)<br>Last Updated By: Shyni M.R (Computer Assistant, On 22-03-2022) | 1-9 |
| 10 | അടിസ്ഥാന വസ്തു നികുതി നിരക്ക് ഉപയോഗക്രമത്തിനനുസരിച്ച് നിർണ്ണയിച്ചില്ല<br>Written By: DENNIS JOSEPH (Auditor, On 29-01-2022)<br>Last Updated By: Shyni M.R (Computer Assistant, On 22-03-2022) | 1-10 |
| 11 | ഈ-ടെൻഡർ ഫോം വില,നിരതദ്രവ്യം എന്നിവ ഗ്രാമപഞ്ചായത്തിന് കൈമാറി ലഭിച്ചിട്ടില്ല<br>Written By: V G Sajimon (Audit Officer, On 01-02-2022)<br>Last Updated By: Shyni M.R (Computer Assistant, On 22-03-2022) | 1-11 |
| 12 | പാലിയേറ്റീവ് കെയർ, വാഹന ക്വട്ടേഷൻ തുകയിലെ വ്യത്യാസം കാരണം നഷ്ടം ₹72000/-<br>Written By: Eby Abraham (Senior Grade Auditor, On 29-01-2022)<br>Last Updated By: Shyni M.R (Computer Assistant, On 22-03-2022) | 1-12 |
| 13 | വെള്ളക്കരം -ഒടുക്കിയത് വരവ് വയ്ക്കുന്നില്ല<br>Written By: T.S.Dhanajayan (Audit Officer, On 01-02-2022)<br>Last Updated By: Sajitha K. (Computer Assistant, On 17-03-2022) | 1-13 |
| 14 | തുമ്പൂർമുഴി മോഡൽ ഏയ്റോബിക് യൂണിറ്റ് നിർമാണം -പ്രോജക്റ്റ് നടത്തിപ്പിലെ അപാകതകൾ<br>Written By: V G Sajimon (Audit Officer, On 01-02-2022)<br>Last Updated By: Sajitha K. (Computer Assistant, On 17-03-2022) | 1-14 |
| 15 | മരാമത്ത് പ്രോജക്ടുകളുടെ ബാഹുല്യവും നാമമാത്ര അടങ്കലും വികസന സങ്കല്പത്തെ ബാധിക്കുന്നു<br>Written By: V G Sajimon (Audit Officer, On 01-02-2022)<br>Last Updated By: Shyni M.R (Computer Assistant, On 22-03-2022) | 1-15 |
| 16 | ലാപ്ടോപ്പ് വിതരണം - കോഴ്സ് പൂർത്തിയായ കുട്ടികൾക്ക് ലാപ്ടോപ്പ് നൽകിയിരിക്കുന്നു.<br>Written By: T.S.Dhanajayan (Audit Officer, On 01-02-2022)<br>Last Updated By: Shyni M.R (Computer Assistant, On 22-03-2022) | 1-16 |
| 17 | ആശ്രയ പദ്ധതി - പദ്ധതി ഭാഗികമായി മാത്രം നടപ്പാക്കിയിരിക്കുന്നു.<br>Written By: T.S.Dhanajayan (Audit Officer, On 31-01-2022)<br>Last Updated By: Shyni M.R (Computer Assistant, On 22-03-2022) | 1-17 |
| 18 | കുടമാൻകുളം കമ്മ്യൂണിറ്റി ഹാളിന് ഫർണിച്ചർ - അപാകതകൾ<br>Written By: T.S.Dhanajayan (Audit Officer, On 02-02-2022)<br>Last Updated By: Shyni M.R (Computer Assistant, On 22-03-2022) | 1-18 |
| 19 | മുട്ടക്കോഴി വിതരണം- പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Benny Mathew (Auditor, On 01-02-2022)<br>Last Updated By: Shyni M.R (Computer Assistant, On 22-03-2022) | 1-19 |
| 20 | ആംബുലൻസ് വാങ്ങുന്നതിന് ബുക്കിംഗ് ചാർജ് നൽകി - വാഹനം വാങ്ങിയിട്ടില്ല. | 1-20 |

| | | |
|---|---|---|
| | Written By: Joseph Chacko (Asst. Audit Officer, On 03-02-2022)<br>Last Updated By: Sajitha K. (Computer Assistant, On 08-03-2022) | |
| 21 | പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥലം പഞ്ചായത്തിന്റെ പേരിൽ കൂട്ടിയിട്ടില്ല<br>Written By: Joseph Chacko (Asst. Audit Officer, On 03-02-2022)<br>Last Updated By: Shyni M.R (Computer Assistant, On 22-03-2022) | 1-21 |
| 22 | വൗച്ചറുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല<br>Written By: Joseph Chacko (Asst. Audit Officer, On 03-02-2022)<br>Last Updated By: Shyni M.R (Computer Assistant, On 22-03-2022) | 1-22 |
| 23 | ഫെസ്റ്റിവൽ അഡ്വാൻസ് തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നത്<br>Written By: Joseph Chacko (Asst. Audit Officer, On 29-01-2022)<br>Last Updated By: Shyni M.R (Computer Assistant, On 22-03-2022) | 1-23 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | പാലിയേറ്റീവ് കെയർ , വാഹന കൊട്ടേഷൻ തുകയിലെ വ്യത്യാസം കാരണം നഷ്ടം ₹72000<br>Written By: Eby Abraham (Senior Grade Auditor, On 29-01-2022)<br>Last Updated By: Shyni M.R (Computer Assistant, On 22-03-2022) | 3-1 |
| 2 | കുടമാൻകുളം കമ്യൂണിറ്റി ഹാളിന് ഫർണിച്ചർ- അപാകതകൾ<br>Written By: T.S.Dhanajayan (Audit Officer, On 03-02-2022)<br>Last Updated By: Shyni M.R (Computer Assistant, On 22-03-2022) | 3-2 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Benny Mathew (Auditor, On 27-01-2022)<br>Last Updated By: Sajitha K. (Computer Assistant, On 04-03-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് നല്കിയ തുകകൾ<br>Written By: Eby Abraham (Senior Grade Auditor, On 29-01-2022)<br>Last Updated By: Sajitha K. (Computer Assistant, On 04-03-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: T.S.Dhanajayan (Audit Officer, On 31-01-2022)<br>Last Updated By: Sajitha K. (Computer Assistant, On 04-03-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Benny Mathew (Auditor, On 27-01-2022)<br>Last Updated By: Sajitha K. (Computer Assistant, On 04-03-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Benny Mathew (Auditor, On 29-01-2022)<br>Last Updated By: Shyni M.R (Computer Assistant, On 22-03-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Benny Mathew (Auditor, On 27-01-2022)<br>Last Updated By: Sajitha K. (Computer Assistant, On 04-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Benny Mathew (Auditor, On 27-01-2022)<br>Last Updated By: Shyni M.R (Computer Assistant, On 22-03-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Benny Mathew (Auditor, On 27-01-2022)<br>Last Updated By: Shyni M.R (Computer Assistant, On 22-03-2022) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Benny Mathew (Auditor, On 27-01-2022)<br>Last Updated By: Shyni M.R (Computer Assistant, On 22-03-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Benny Mathew (Auditor, On 27-01-2022)<br>Last Updated By: Shyni M.R (Computer Assistant, On 22-03-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Benny Mathew (Auditor, On 27-01-2022)<br>Last Updated By: Shyni M.R (Computer Assistant, On 22-03-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റിന്റെ സംഗ്രഹം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ബജറ്റ് അംഗീകരിച്ച ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം നം./തീയതി | 1/20.02.2019 |
| ബജറ്റ് അംഗീകരിച്ച ഭരണസമിതി തീരുമാനം/തീയതി | 1/25.02.2019 |
| പുതുക്കിയ ബജറ്റ് അംഗീകരിച്ച തീരുമാനം/തീയതി | 1/24.03.2020 |
| മുന്നിരിപ്പ് | 12867093 |
| പ്രതീക്ഷിത വരവ് | 211550953 |
| പ്രതീക്ഷിത ചെലവ് | 204022500 |
| നീക്കിയിരിപ്പ് | 20395546 |

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 214(1) പ്രകാരം വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശം ഓരോ സ്റ്റാൻഡിംഗ് കമ്മിറ്റികളും സെക്രട്ടറിയും മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരും നല്കുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രസ്തുത നിർദ്ദേശങ്ങളെ പരിഗണിച്ചുകൊണ്ടുമാണ് ബജറ്റ് തയ്യാറാക്കേണ്ടത്. എന്നാൽ ഇപ്രകാരം സെക്രട്ടറിയും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരും ബജറ്റുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റും നിർദ്ദേശങ്ങളും തയ്യാറാക്കി നല്കിയിട്ടുള്ളതായി കാണുന്നില്ല. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ പരിഗണിക്കുകയോ അവരുമായി ചർച്ച ചെയ്യുകയോ ചെയ്തിട്ടുള്ളതായി കാണിക്കുന്ന ഒരു രേഖയും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2020 | 31-05-2020 | - | - |

### 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് / ലാപ്സായ തുക ₹ |
|---|---|---|---|---|---|---|
| വികസന ഫണ്ട് | പൊതു വിഭാഗം | 0 | 12570000 | 12570000 | 11696575 | 873425 |
| | എസ്.സി.പി | 0 | 2984000 | 2984000 | 2375262 | 608738 |
| | റ്റി.എസ്.പി | 0 | 1969000 | 1969000 | 1746667 | 222333 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 0 | 9610369 | 9610369 | 2977770 | 6632599 |
| സംരക്ഷണ ഗ്രാന്റ് | റോഡിതരം | 0 | 3805000 | 3805000 | 2099140 | 1705860 |
| | റോഡ് | 0 | 14295000 | 14295000 | 10540422 | 3754578 |
| കേന്ദ്രാവിഷ്കൃത പദ്ധതി | ഐ.സി.ഡി.എസ് | 236722 | 575267 | 811989 | 696096 | 115893 |
| | മറ്റ് ഗ്രാന്റുകൾ | 85680 | 0 | 85680 | 0 | 85680 |
| | ടോട്ടൽ സാനിട്ടേഷൻ | 1014369 | 0 | 1014369 | 0 | 1014369 |
| | ODF | 460800 | 0 | 460800 | 460800 | 0 |
| സംസ്ഥാനാവിഷ്കൃത പദ്ധതി | ശബരിമല | 208412 | | 208412 | 208412 | 0 |
| | ലൈഫ് (മുൻവർഷ റിപ്പോർട്ട് പ്രകാരം വിമുക്തി ഹെഡിൽ നീക്കിയിരിപ്പ് ₹614669/-എന്ന് രേഖപ്പെടുത്തിയിരുന്നു. അത് യഥാർത്ഥത്തിൽ ലൈഫ് ഇനത്തിലുള്ള നീക്കിയിരിപ്പാണ് എന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. ആയതിനാൽ തൻവർഷ മുന്നിരിപ്പായി ലൈഫ് ഇനത്തിൽ ഈ തുക ഉൾപ്പെടുത്തിയിരിക്കുന്നു. ) | 614669 | 12704000 | 13318669 | 0 | 13318669 |
| | ശുചിത്വമിഷൻ | 2572174 | 134000 | 2706174 | 0 | 2706174 |
| | എം.എൽ.എ ഫണ്ട് | 340287 | | 340287 | 340287 | 0 |
| | കേരളോത്സവം | 20000 | 20000 | 40000 | 40000 | 0 |
| | ഗ്രാന്റ്(320300199) | 8510 | | 8510 | 8510 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | ഗ്രാന്റ്-ക്യാപ്പിറ്റൽ | | 4630 | 4630 | 0 | 4630 |
| | സാക്ഷരത | 64897 | 6381 | 71278 | 0 | 71278 |
| | ഫെസ്റ്റിവൽ ഗ്രാന്റ് | | 708412 | 708412 | 157540 | 550872 |
| പഞ്ചായത്ത് | ദുരിതാശ്വാസ നിധി | 2144 | | 2144 | 2023 | 121 |

<u>ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ</u>

വികസന ഫണ്ട് (പൊതുവിഭാഗം, എസ്.സി.പി., റ്റി.എസ്.പി.) അവസാന രണ്ട് ഗഡുക്കൾ അനുവദിച്ച വേളയിൽ അംഗൻവാടി പ്രതിഫലം, ജല അതോറിറ്റി കുടിശിക തുക, ലൈഫ് ലോൺ തിരിച്ചടവ് വിഹിതം എന്നീയിനങ്ങളിൽ സ്രോതസ്സിൽ നിന്നും തുക കുറവ് ചെയ്തിരുന്നു. ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വരവിൽ മേൽ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ, ചെലവിൽ തുകകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിനാൽ, ഫണ്ടുകളുടെ വരവ്, നീക്കിയിരിപ്പ് വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല.

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ എന്നിവയിൽ നിന്നും പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിക്കുന്ന ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങളും സ്രോതസ്സും ഇനം തിരിച്ച് ലഭ്യമല്ല.

<u>ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവ്</u> 31 <u>ശതമാനം മാത്രം-</u> 66.3 <u>ലക്ഷം ലാപ്സായി</u>

2019-20 സാമ്പത്തിക വർഷത്തെ ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിഹിതമായ ₹9610369/-ൽ ₹2977770/- മാത്രമാണ് ചെലവഴിച്ചത്. അനുവദിച്ച ഫണ്ടിന്റെ 31 ശതമാനം മാത്രമാണ് ചെലവ്. സമയബന്ധിതമായി പ്രോജക്ടുകൾ പൂർത്തീകരിച്ച് ബില്ലുകൾ മാറാതിരുന്നതിനാൽ ₹6632599/-ലാപ്സായി.

<u>റോഡ് സംരക്ഷണ ഗ്രാന്റ് ചെലവ്</u> 73.73 <u>ശതമാനം മാത്രം-</u> 37.5 <u>ലക്ഷം ലാപ്സായി</u>

2019-20 സാമ്പത്തിക വർഷത്തെ റോഡ് സംരക്ഷണ ഗ്രാന്റ് വിഹിതമായ ₹14295000/-ൽ ₹10540422/- മാത്രമാണ് ചെലവഴിച്ചത്. അനുവദിച്ച ഫണ്ടിന്റെ 73.73 ശതമാനം മാത്രമാണ് പഞ്ചായത്തിന് ചെലവഴിക്കുവാൻ സാധിച്ചത്. സമയബന്ധിതമായി പ്രോജക്ടുകൾ പൂർത്തീകരിച്ച് ബില്ലുകൾ മാറാതിരുന്നതിനാൽ ₹3754578/-ലാപ്സായി.

<u>റോഡിതര സംരക്ഷണ ഗ്രാന്റ് ചെലവ്</u> 55 <u>ശതമാനം മാത്രം-</u> 17 <u>ലക്ഷം ലാപ്സായി</u>

2019-20 സാമ്പത്തിക വർഷത്തെ റോഡിതര സംരക്ഷണ ഗ്രാന്റ് വിഹിതമായ ₹3805000/-ൽ ₹2099140/- മാത്രമാണ് ചെലവഴിച്ചത്. അനുവദിച്ച ഫണ്ടിന്റെ 55 ശതമാനം മാത്രമാണ് പഞ്ചായത്തിന് ചെലവഴിക്കുവാൻ സാധിച്ചത്. സമയബന്ധിതമായി പ്രോജക്ടുകൾ പൂർത്തീകരിച്ച് ബില്ലുകൾ മാറാതിരുന്നതിനാൽ ₹1705860/-ലാപ്സായി.

## 1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 202 | 71356436 | 130 | 33797571 | 0 | 72 | 64.35 |

നിർവ്വഹണ ഉദ്യോഗസ്ഥർ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയവ (എണ്ണം) | നടപ്പാക്കിയ പദ്ധതികൾ (%) | അടങ്കൽ ₹ | ചെലവ് ₹ | ചെലവ് ശതമാനം % |
|---|---|---|---|---|---|---|
| 1. സെക്രട്ടറി | 41 | 23 | 56.09 | 9177334 | 4668829 | 50.87 |
| 2. അസി. സെക്രട്ടറി | 4 | 4 | 100.00 | 680000 | 663425 | 97.56 |
| 3. അസിസ്റ്റന്റ് എൻജിനീയർ | 113 | 59 | 52.21 | 40865467 | 16836914 | 41.20 |
| 4. കൃഷി ഓഫീസർ | 6 | 2 | 33.33 | 1517411 | 149000 | 9.82 |
| 5. വെറ്ററിനറി സർജൻ | 12 | 5 | 41.67 | 3666953 | 384837 | 10.49 |
| 6. വി.ഇ.ഒ | 8 | 7 | 87.5 | 8506000 | 6830019 | 80.30 |

| | | | | | | |
|---|---|---|---|---|---|---|
| 7. മെഡിക്കൽ ഓഫീസർ – എഫ് എച്ച് സി | 4 | 4 | 100.00 | 810000 | 680965 | 84.07 |
| 8. മെഡിക്കൽ ഓഫിസർ- ആയുർവ്വേദം | 2 | 1 | 50.00 | 807600 | 800000 | 99.06 |
| 9. ഐ സി ഡി എസ് | 8 | 5 | 62.50 | 3310200 | 1285912 | 38.85 |
| 10. ഹെഡ്മാസ്റ്റർ | 2 | 2 | 100.00 | 1265474 | 747673 | 59.08 |
| 11. മഡിക്കൽ ഓഫിസർ (ഹോമിയോ) | 1 | 1 | 100.00 | 150000 | 150000 | 100.00 |
| 12. ഡയറി ഫാം ഇൻസ്പെക്ടർ | 1 | 1 | 100.00 | 599997 | 599997 | 100.00 |
| ആകെ | 202 | 130 | 64.36 | 71356436 | 33797571 | 47.36 |

ആകെ അംഗീകാരം ലഭിച്ച 202 പദ്ധതികളിൽ 64.36% പദ്ധതികൾ മാത്രമേ നടപ്പാക്കാനായിട്ടുള്ളു. 72 പദ്ധതികൾ നടപ്പാക്കിയിട്ടില്ല. ആകെ അടങ്കലിന്റെ 47.36% തുകയാണ് ചെലവ് വന്നിട്ടുള്ളത്.

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 8501 | 949479 | 957980 | 945986 | 11994 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 51783468 | 51783468 | 51783468 | 0 |

## 1-6 ക്ഷേമ പെൻഷനുകൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 960 | 1 |
| കർഷകതൊഴിലാളി പെൻഷൻ | 655200 | 123 |
| വിധവാപെൻഷൻ | 2643600 | 488 |
| വാർദ്ധക്യകാല പെൻഷൻ | 10513500 | 2235 |
| വികലാംഗ പെൻഷൻ | 892600 | 163 |
| അവിവാഹിതർക്കുള്ള പെൻഷൻ | 202800 | 37 |

തൊഴിൽ രഹിത വേതനമിനത്തിൽ ബിൽ നം.191002520002005l5365/31.7.19 പ്രകാരം ശ്രീമതി ഹസീന പി.എച്ച്. എന്ന ഗുണഭോക്താവിന് തൻവർഷം 960/- നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക വാർഷിക പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.01.2022ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹ 3257/- (മൂവായിരത്തി ഇരുനൂറ്റി അൻപത്തി ഏഴ് രൂപ മാത്രം) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തരനിയന്ത്രണം

1. ഓഫീസ് സംവിധാനം

3 ക്ലർക്കുമാരും 3 സീനിയർ ക്ലർക്കുമാരും 1 ഓഫീസ് അറ്റൻഡന്റും 1 പാർട്ട് ടൈം സ്വീപ്പറും 1 അക്കൗണ്ടന്റും 1 ഹെഡ്ക്ലാർക്കും 1 അസിസ്റ്റന്റ് സെക്രട്ടറിയും 1 സെക്രട്ടറിയും 1 ഡ്രൈവറും ഉൾപ്പെടുന്നതാണ്. ഓഫീസ് ഓർഡർ പ്രകാരം കൃത്യമായ ജോലി വിഭജനം നടത്തിയിട്ടുണ്ട്.

2. വസ്തു നികുതി പിരിവ് മോണിട്ടറിംഗ് നടത്തുന്നില്ല.

3. പൊതുമരാമത്ത് പ്രവൃത്തികളുടെ കരാർ ഉടമ്പടി, ക്യാഷ്ബുക്ക്, ആസ്തിരജിസ്റ്റർ എന്നിവ കാലികമാക്കി പരിപാലിക്കുന്നില്ല. പുതുതായി സൃഷ്ടിക്കുന്ന ആസ്തികളുടെ വിവരം ആസ്തി രജിസ്റ്ററുകളിൽ ഉൾപ്പെടുത്തുന്നില്ല. ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം പരിപാലിക്കേണ്ടതാണ്. സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയില്ല.

4. തെരുവുവിളക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. പൊതുടാപ്പുകളുടെയും തെരുവ് വിളക്കുകളുടെയും സംയുക്ത പരിശോധന നടത്തിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ഓഡിറ്റ് റിക്കവറി രജിസ്റ്റർ എന്നിവ കൃത്യമായി പരിപാലിക്കുന്നില്ല.

5. പദ്ധതികളും ഗുണഭോക്താക്കളെയും നിർദ്ദേശിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നതല്ലാതെ തുടർ മോണിട്ടറിംഗ് സ്റ്റാൻഡിംഗ് കമ്മിറ്റികൾ നടത്തുന്നില്ല. പ്രോജക്ടുകളുടെ വിലയിരുത്തൽ നടത്തുന്നില്ല. വാർഷിക പദ്ധതിയുടെ നിർവ്വഹണ

ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് സംവിധാനം നടപ്പിലാക്കുന്നില്ല. കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളിൽ പ്രോജക്ടിൽ നിന്ന് വ്യതിചലിച്ച് പദ്ധതി നിർവ്വഹണം നടത്തിയിരിക്കുന്നു. അസിസ്റ്റന്റ് എഞ്ചിനീയറുടെ ഫയലുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. ടെണ്ടറുകളിൽ വ്യാപകമായ രീതിയിൽ വെട്ടിത്തിരുത്തലുകൾ കാണപ്പെടുന്നു. മാലിന്യനിർമ്മാജ്ജനത്തിനായി സമാന്തര സൊസൈറ്റിക്ക് പണം നൽകിയിട്ടുള്ളതായി കാണുന്നു. വാങ്ങൽ പ്രക്രിയകളിൽ ആവശ്യമായ കരുതലുകൾ സ്വീകരിക്കുന്നില്ല.

ഫ്രണ്ട് ഓഫീസ് പ്രവർത്തനം.

വരുന്ന തപാലുകൾ കൃത്യമായി ഫ്രണ്ട് ഓഫീസിൽ നിന്ന് സൂചിക സോഫ്റ്റ് വെയറിൽ ഡിസ്ട്രിബ്യൂഷൻ നടത്തുന്നുണ്ട് . എന്നാൽ ബാക്ക് ഓഫീസിൽ ഫയലുകളുടെ നീക്കം കൃത്യമായി നടക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ യാതൊരു സംവിധാനവുമില്ല. സൂപ്പർവൈസറി തലത്തിൽപെട്ടവരുടെ ശരിയായ മോണിട്ടറിംഗ് നടക്കുന്നില്ല.

ഡിസ്ട്രിബ്യൂഷൻ രജിസ്റ്റർ- സൂചിക സോഫ്റ്റ് വെയറിൽ നിന്ന് എടുത്ത് സൂക്ഷിക്കുണ്ട്.

ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ -ഓരോ ദിവസുവും ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി ഏൽപ്പിക്കുന്ന രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നുണ്ട്.

ഫ്രണ്ട് ഓഫീസ് ഡയറി- ഓരോ ദിവസവും നൽകേണ്ട സേവനങ്ങളുടെ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ - കൃത്യമായി രേഖപ്പെടുത്തലുകൾ വരുത്തുകയോ മേൽപരിശോധന നടത്തുകയോ ചെയ്യുന്നില്ല.

1-9 വാർഷിക കണക്കുകളിലെ അപാകതകൾ

ചുവടെ ചേർക്കുന്ന ഇനങ്ങളുടെ ഷെഡ്യൂൾ B-4 പ്രകാരം ചെലവഴിക്കാനവശേഷിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്ന തുകകളും ഷെഡ്യൂൾ B-17 പ്രകാരം ബാങ്ക് അക്കൌണ്ടിൽ നിലനിർത്തിയിരിക്കുന്ന തുകകളും തമ്മിൽ വ്യത്യാസമുള്ളതായി കാണുന്നു.

| ഇനം | ഷെഡ്യൂൾ B-4 പ്രകാരം തുക(₹) | ഷെഡ്യൂൾ B-17 പ്രകാരം തുക(₹) |
|---|---|---|
| എൻ.ആർ.ഇ.ജി.എ | 1994 | 11994 |
| ലൈഫ് | 13318669 | 4519463 |

ബി-4 ഷെഡ്യൂളിൽ പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച വിവിധ ഫണ്ടുകളിലെ ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകൾ (എൻ.ആർ.ഇ.ജി.എ, ഐ.സി.ഡി.എസ്., സാക്ഷരത, ലൈഫ് എന്നിവ ഒഴികെ) ഏതൊക്കെ അക്കൌണ്ടുകളിലാണ് സൂക്ഷിച്ചിരിക്കുന്നതെന്ന് വ്യക്തമായി രേഖപ്പെടുത്തിയിട്ടില്ല.

ബി-9 ഷെഡ്യൂൾ പ്രകാരം അദർ ലയബിലിറ്റീസ് എന്ന ഹെഡിൽ ₹1541589/- യുടെ ബാദ്ധ്യതയുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. ₹1491589/- പ്രാരംഭബാക്കിയുള്ള പ്രസ്തുത അക്കൌണ്ടിൽ, ലൈഫ് ഭവന പദ്ധതി ഹഡ്കോ വിഹിതം വിതരണം ചെയ്തതിൽ ഗുണഭോക്താക്കളുടെ അക്കൌണ്ടിൽ ക്രഡിറ്റ് ആകാതെ തിരികെ വന്ന ₹40000/-, 07.03.2020-നം Beneficiary Committee Convener's Control Account എന്ന് രേഖപ്പെടുത്തി ₹40000/-, 31.03.2020- നം ഇതിൽ ബാദ്ധ്യതയായി ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബാങ്ക് അക്കൌണ്ടിൽ നിന്ന് പ്രസ്തുത തുക പിന്നീട് വിതരണം ചെയ്തെങ്കിലും അതനുസരിച്ചുള്ള ക്രമീകരണം ഈ അക്കൌണ്ടിൽ വരുത്തിയിട്ടില്ല. പ്രസ്തുത തുകകൾ ഇപ്പോഴും ബാദ്ധ്യതയായി തുടരുന്നത് അക്കൌണ്ടിംഗിലെ അപാകതയാണ്.

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ ഇനത്തിൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത പരിശോധിക്കാനായില്ല. വാർഷിക കണക്കിൽ ഡിപ്രീസിയേഷൻ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും അനുബന്ധ രേഖകൾ സൂക്ഷിച്ചിട്ടില്ല.

വാർഷിക കണക്കിൽ, ക്യാപ്പിറ്റൽ വർക്ക്-ഇൻ-പ്രോഗ്രസ് എന്നയിനത്തിൽ തുകയുള്ളതായി രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ, അസി. എഞ്ചിനീയർ ലഭ്യമാക്കിയ രേഖകൾ പ്രകാരം ഇത് ₹872880/-യാണ്.

വസ്തു നികുതി കുടിശ്ശിക തുകകൾക്ക് പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ല.

31.03.2020 പ്രകാരമുള്ള റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ്, ബാങ്ക്/ട്രഷറി പാസ്ബുക്ക്/സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ബി-17 പ്രകാരമുള്ള ബാങ്ക്/ട്രഷറി തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.

റെസീപ്റ്റ് & പേയ്മെന്റിലും ലെഡ്ജറിലും സാക്ഷരത, ഫെസ്റ്റിവൽ ഗ്രാന്റ് എന്നീയിനങ്ങളുടെ വരവ് വ്യത്യാസപ്പെട്ടു കാണുന്നു.

| ഇനം | ലെഡ്ജർ | റെസീപ്റ്റ് & പേയ്മെന്റ് |
|---|---|---|
| സാക്ഷരത | 6381 | 2373 |
| ഫെസ്റ്റിവൽ ഗ്രാന്റ് | 708412 | 500000 |

1-10 അടിസ്ഥാന വസ്തു നികുതി നിരക്ക് ഉപയോഗക്രമത്തിനനുസരിച്ച് നിർണ്ണയിച്ചില്ല

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കുമുള്ള ലൈസൻസ് അപേക്ഷകൾ സഞ്ചയ സോഫ്റ്റ്വെയറിലെ വസ്തു നികുതി നിർണ്ണയ രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്ത് അംഗീകരിച്ച് വിജ്ഞാപനം ചെയ്ത

പ്രകാരം ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിലാണ് അടിസ്ഥാന വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ളത്.

| ക്രമ നം | ഡി&ഒ രജിസ്റ്റർ പ്രകാരം ക്രമ നം | ലൈസൻസിയുടെ/ കെട്ടിട ഉടമയുടെ പേര് | വാർഡ് നം/ കെട്ടിട നമ്പർ | ഉപയോഗ ക്രമം | വിസ്തീർണം (ച.മീ) | സഞ്ചയ പ്രകാരം നിർണയിച്ച അടിസ്ഥാന വസ്തു നികുതി നിരക്ക് | പഞ്ചായത്ത് അംഗീകരിച്ച് വിജ്ഞാപനം ചെയ്ത് പ്രകാരം ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്ക് | ഈടാക്കുന്നതിൽ കുറവ് വന്ന അടിസ്ഥാന വസ്തു നികുതി നിരക്ക് (ച.മീറ്ററിന്) |
|---|---|---|---|---|---|---|---|---|
| 1 | 137 | പി. സുധാകരൻ | 11/147 | വാണിജ്യം | 8 | 30 | 50 | 20 |
| 2 | 129 | തോമസ് ചാക്കോ | 11/148 | വാണിജ്യം | 25 | 20 | 50 | 30 |
| 3 | 46 | ബേബി ജോസഫ് | 11/95 | വാണിജ്യം | 99 | 6 | 50 | 44 |

ഉപയോഗക്രമത്തിനനുസരിച്ച് അടിസ്ഥാന വസ്തു നികുതി നിരക്കിൽ മാറ്റം വരുത്തി വസ്തു നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.5, 29/1/2022) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

### 1-11 ഈ-ടെൻഡർ ഫോം വില,നിരതദ്രവ്യം എന്നിവ ഗ്രാമപഞ്ചായത്തിന് കൈമാറി ലഭിച്ചിട്ടില്ല

അഞ്ചു ലക്ഷം രൂപയിലധികം അടങ്കലുള്ള കരാർ പ്രവൃത്തികൾ ഈ-ടെൻഡർ നടപടിക്രമങ്ങൾ പാലിച്ചാണ് നടപ്പാക്കേണ്ടതെന്ന് ധനകാര്യ വകുപ്പിന്റെ 30.4.2015-ലെ ജി.ഒ(പി) 1288/15 നമ്പർ ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിരുന്നു. ഇതനുസരിച്ച് നടപ്പിലാക്കുന്ന മരാമത്ത് പ്രോജക്ടുകളുടെ ടെണ്ടർ ഫോം വിലയും നിരതദ്രവ്യവും ഓൺലൈൻ പേയ്മെന്റ് സംവിധാനത്തിലൂടെ ജില്ലാപഞ്ചായത്തിലെ മരാമത്തു വിഭാഗം എക്സിക്യൂട്ടീവ് എൻജിനിയറുടെ അക്കൗണ്ടിലേക്കാണ് ഒടുക്കുന്നത്. ഗ്രാമപഞ്ചായത്ത് 2019-20 സാമ്പത്തിക വർഷം 9 പ്രോജക്ടുകൾക്കായി ഈ-ടെൻഡർ നടപടികൾ സ്വീകരിച്ചുവെങ്കിലും പ്രസ്തുത തുകകൾ (ടെൻഡർ ഫോം വില + ടെൻഡർ വിജയിയായ കരാറുകാരന്റെ മാത്രം നിരതദ്രവ്യം) ഗ്രാമപഞ്ചായത്തിന് നാളിതുവരെ കൈമാറി ലഭിച്ചിട്ടില്ല. വിവിധ കരാറുകാർ ഈയിനങ്ങളിൽ ഒടുക്കിയ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തികവർഷം | പ്രവൃത്തികളുടെ എണ്ണം | ഫോം വില |
|---|---|---|
| 2019-20 | 09 | 48638 |

ഗ്രാമപഞ്ചായത്തിന് അർഹതപ്പെട്ട പ്രസ്തുത തുക ലഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

### 1-12 പാലിയേറ്റീവ് കെയർ, വാഹന ക്വട്ടേഷൻ തുകയിലെ വ്യത്യാസം കാരണം നഷ്ടം ₹72000/-

| | |
|---|---|
| പദ്ധതി നം. | പാലിയേറ്റീവ് കെയർ 82/2019-20 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| അടങ്കൽ ₹ | 650000/- (പ്ലാൻ) |
| ചെലവു തുക ₹ | 564765/- (പ്ലാൻ) |
| ബിൽ നം. തുക, തീയതി | 19100252011200455344, 152610, 16-8-19<br>19100252011200591627, 49845,20.9.19<br>1910025201120070466, 40420, 17.10.19<br>19100252011200824205, 40420, 14.11.19<br>19100252011201002935, 199380,28.12.19<br>19100252011201158159, 41670, 28.01.20<br>19100252011201315552, 40420, 20.02.20 |
| ആകെ | 564765/- |

ചെലവായ തുകയിൽ വാഹന വാടക, പാലിയേറ്റീവ് നഴ്സിന്റെ ഹോണറേറിയം, ഭക്ഷണചെലവ്, മരുന്നുകളുടെ തുക എന്നിവ ഉൾപ്പെടുന്നു. വാഹന വാടകയുടെ വിവരങ്ങൾ ചുവടെ

| ബിൽ തുക, ₹ | മാസം | വാഹന വാടക തുക, ₹ |
|---|---|---|
| 152610/- | ഏപ്രിൽ, | 11250/- |

| | | | |
|---|---|---|---|
| | മെയ് | | 20000/- |
| | ജൂൺ | | 20000/- |
| | ജൂലൈ | | 20000/- |
| 49845/- | ആഗസ്റ്റ് | | 20000/- |
| 40420/- | സെപ്റ്റംബർ | | 20000/- |
| 40420/- | ഒക്ടോബർ | | 20000/- |
| 19938/- | നവംബർ | | 20000/- |
| 41670/- | ഡിസംബർ | | 20000/- |
| 40420/- | ജനവരി | | 20000/- |
| | ആകെ | | 191250/- |

മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പാലിയേറ്റീവ് കെയർ പദ്ധതി പ്രകാരം ചെലവായ ₹564765/-ൽ പാലിയേറ്റീവ് കെയറിനായി ഓടിയ വാഹനത്തിന്റെ വാടകയിനത്തിൽ സുനിൽകുമാർ എൻ.എസ് എന്ന വ്യക്തിക്ക് വിവിധ ബില്ലുകളിലായി ₹191250/- നൽകിയിട്ടുണ്ട്. മെഡിക്കൽ ഓഫീസറുടെ 01/03/2019 ലെ 54/19 നം ക്വട്ടേഷനിൽ 9 പേർ പങ്കെടുക്കുകയും ഏറ്റവും കുറഞ്ഞ നിരക്കായ ₹750/-സുനിൽകുമാർ എൻ.എസ് എന്ന വ്യക്തി ടിയാന്റെ കെ.എൽ-02-സി-6485 നം വാഹനം ഓടുന്നതിന് ക്വാട്ട് ചെയ്യുകയും ചെയ്തു. തുടർന്ന് 2019 ഏപ്രിൽ മാസത്തിൽ 15 ദിവസങ്ങൾ ₹ 750/- നിരക്കിൽ വാഹനം പാലിയേറ്റീവ് കെയറിനായി ഓടിയിരിക്കുന്നു. എന്നാൽ മെഡിക്കൽ ഓഫീസർ 02/05/2019 ൽ 100/19 നമ്പരായി റീക്വട്ടേഷൻ നടത്തിയിരിക്കുന്നു. മേൽ വ്യക്തി തന്നെ ഒരു ദിവസം ഓടുന്നതിന് ₹1250/- രൂപ എന്ന ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്യുകയും അതു പ്രകാരമുള്ള തുക നൽകുകയും ചെയ്തു. ₹750/-രൂപയ്ക്ക് ക്വാട്ട് ചെയ്ത 2019 ഏപ്രിൽ മാസത്തിൽ വാഹനം ഓടിച്ച വ്യക്തിക്ക് റീക്വട്ടേഷനിലൂടെ ₹ 1250/- ഉറപ്പിച്ച നൽകിയിരിക്കുന്നു. റീക്വട്ടേഷൻ നടത്താനുണ്ടായ സാഹചര്യവും അതു പ്രകാരമുള്ള തുക 2019-20 ലെ അവശേഷിക്കുന്ന മാസങ്ങളിൽ നൽകിയതിനും ക്വട്ടേഷൻ ഉറപ്പിച്ച് നൽകിയതിന്റെ വിവരങ്ങൾ, തയ്യാറാക്കിയ എഗ്രിമെന്റുകൾ, വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പകർപ്പ് എന്നിവയും ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണ കുറിപ്പ് 1/28.01.22 ന് മറുപടിയായി 2 മാസം ₹750/-ന് വാഹനം ഓടിയതിനു ശേഷം വർദ്ധിച്ചു വരുന്ന ഡീസൽ വില, സ്പെയർ പാർട്സ് വില എന്നിവ മൂലം ഈ നിരക്കിൽ വാഹനം ഓടിക്കുവാൻ കഴിയുകയില്ലായെന്ന് സുനിൽകുമാർ എൻ.എസ് മെഡിക്കൽ ഓഫീസറെയും കമ്മിറ്റിയെയും അറിയിച്ചതായും, തുടർന്ന് ക്വട്ടേഷൻ പ്രകാരമുള്ള മറ്റു വ്യക്തികളെ അറിയിച്ചെങ്കിലും ആരും വാഹനം ഓടിക്കുവാൻ തയ്യാറാകാത്ത സാഹചര്യത്തിൽ പഞ്ചായത്ത് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം മെഡിക്കൽ ഓഫീസർ റീക്വട്ടേഷൻ ക്ഷണിക്കുകയും കുറഞ്ഞ തുക ക്വാട്ടു ചെയ്ത സുനിൽകുമാർ എൻ.എസിനു തന്നെ ക്വട്ടേഷൻ ഉറപ്പിച്ചു നൽകുകയും ചെയ്തു. ക്വട്ടേഷൻ നടപടിക്രമങ്ങൾ പഞ്ചായത്ത് കമ്മിറ്റിയെ അറിയിച്ചിട്ടുള്ളതും പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടുള്ളതുമാകുന്നു എന്നാണ് മറുപടിയിൽ അറിയിച്ചിരിക്കുന്നത്. വാഹനം ഓടിക്കുവാൻ കഴിയുകയില്ലായെന്ന് സുനിൽകുമാർ എൻ.എസ് മെഡിക്കൽ ഓഫീസറെയും കമ്മിറ്റിയെയും അറിയിച്ച വിവരങ്ങളോ, ക്വട്ടേഷൻ പ്രകാരമുള്ള മറ്റു വ്യക്തികളെ പകരം വാഹനം ഓടിക്കുവാൻ അറിയിച്ച കാര്യങ്ങളോ ഒന്നും തന്നെ ഫയലിൽ കാണുകയുണ്ടായില്ല. ക്വട്ടേഷൻ നടപടിക്രമങ്ങൾ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടുള്ളതായ മിനിട്ട്സും ഫയലിൽ കാണുകയുണ്ടായില്ല. കൂടാതെ മറുപടിയോടൊപ്പം ഹാജരാക്കിയിരിക്കുന്ന വാഹനത്തിന്റെ സർട്ടിഫിക്കറ്റുകളിൽ നിന്നും മേൽ വാഹനത്തിന്റെ രജിസ്ട്രേഷൻ കാലാവധി 30.06.2014 മാത്രമാണുള്ളത്. കൂടാതെ വാഹനത്തിന്റെ ഫിറ്റ്നെസ് കാലാവധി 14.01.2014 അവസാനിച്ചിട്ടുള്ളതുമാണ്. ഈ കാര്യങ്ങളൊന്നും തന്നെ നിർവ്വഹണ ഉദ്യോഗസ്ഥ കണക്കിലെടുത്തിട്ടില്ല. പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കാതെയും അറിയാതെയുമാണ് നിർവ്വഹണ ഉദ്യോഗസ്ഥ വാഹന ക്വട്ടേഷൻ ഉറപ്പിച്ചു നൽകിയിരിക്കുന്നതും തുക നൽകിയിരിക്കുന്നതും. ഇതു നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഭാഗത്തു നിന്നുള്ള ഗുരുതരമായ കൃത്യവിലോപമായി ഓഡിറ്റ് വിലയിരുത്തുന്നു. ലഭ്യമായ രേഖകൾ പ്രകാരം 2019 ഏപ്രിൽ മാസത്തിൽ 15 ദിവസങ്ങൾ ഓടിയതിന് ₹750/- നിരക്കിലും മെയ് മുതൽ ജനവരി വരെയുള്ള മാസങ്ങളിൽ ₹1250/- നിരക്കിലും വാഹന വാടകയിനത്തിൽ നൽകിയിട്ടുണ്ട്. 2019 മെയ് മുതൽ ജനവരി വരെയുള്ള മാസങ്ങളിൽ വാഹന വാടകയിനത്തിൽ ആകെ 180000/- നൽകിയിട്ടുണ്ട്. ₹750/ നിരക്കിൽ ₹108000/- നൽകേണ്ട സ്ഥാനത്ത് ₹1250/ നൽകിയതിനാൽ ₹72000/- (180000-108000) അധികം നൽകിയിട്ടുണ്ട്. ആയതിനാൽ അധികമായി നൽകിയ ₹72000/- ഓഡിറ്റിൽ നിരാകരിക്കുന്നു.

1-13 വെള്ളക്കരം -ഒടുക്കിയത് വരവ് വയ്ക്കുന്നില്ല

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രോജക്ട് നം | 6/2020 |
| അടങ്കൽ | 357000/-357000/-(മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) |
| ബിൽ നം/തീയതി/തുക | 1. 19100252014400445759/14.08.19-₹144375/-<br>2. 19100252014400514645/29.08.19-₹29750/- |

| | |
|---|---|
| | 3. 19100252014400617562/26.09.19-₹29750/-<br>4. 19100252014400773896/04.11.19- ₹29750/-<br>5. 19100252014400891544/02.12.19- ₹29750/-<br>6. 19100252014401001001 /28.12.19- ₹29750/-<br>7. 19100252014401179984/30.01.20- ₹29750/-<br>8. 19100252014401340003/25.02.20-₹29750/-<br>9. 19100252014401601244/25.03.20- ₹29750/- |
| ആകെ | 382375 |

തൻവർഷം വാട്ടർചാർജ്ജ് ഒടുക്കുന്നതിനായി 9 ട്രഷറി ബില്ലുകൾ പ്രകാരം ആകെ ₹382375/-മാറിയിരിക്കുന്നു. തുക ഒടുക്കിയതിൽ താഴെ സൂചിപ്പിക്കുന്ന അപാകതകൾ കാണുന്നു.

1. ആദ്യബിൽ പ്രകാരം മാറിയ ₹144375/ യിൽ ₹114625/- സെക്രട്ടറിയുടെ 710021400000112 നമ്പർ അക്കൗണ്ടിലും ₹29750/- ഫിനാൻസ് മാനേജർ & ചീഫ് അക്കൗണ്ടന്റ് കേരള വാട്ടർ അതോറിറ്റിയുടെ 67081620535 നമ്പർ അക്കൗണ്ടിലും ഒടുക്കിയിരിക്കുന്നു. മെയിന്റനൻസ് ഗ്രാന്റിൽ നിന്ന് സെക്രട്ടറിയുടെ അക്കൗണ്ടിലേയ്ക്ക് തുക ഒടുക്കിയതിന്റെ കാരണം വ്യക്തമല്ല.

2. ആകെ ₹382375/-മാറിയിരിക്കുന്ന എങ്കിലും സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം തൻവർഷ ചെലവ് ആകെ തുക ₹267750/മാത്രമാണ്. സെക്രട്ടറിയുടെ അക്കൗണ്ടിലേയ്ക്ക് പ്ലാൻ ഫണ്ടിൽ നിന്ന് മാറ്റിയിട്ട തുക ചെലവിൽ ഉൾപ്പെടുത്തിയിട്ടില്ല. മാത്രമല്ല പ്രോജക്ട് പ്രകാരമുള്ള അടങ്കൽ തുക ₹357000/- ആണെങ്കിലും ആകെ മാറിയ തുക ഇതിനേക്കാൾ ഉയർന്ന തുകയായ ₹382375/-ആണ്.

3. ₹267750/-വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിരിക്കുന്നു. എന്നാൽ വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം തുക ഒന്നും തന്നെ വരവ് വയ്ക്കുന്നതായി കാണുന്നില്ല. ഓരോ മാസത്തേയും ഡിമാന്റ് നോട്ടീസിലെ മുന്നിരിപ്പിലെ ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള നീക്കിയിരിപ്പാണ്. മാത്രമല്ല നിശ്ചിത സമയത്ത് തുക ഒടുക്കാത്തതിനാൽ പിഴ ഉൾപ്പെടെ ഡിമാന്റ് ചെയ്യുന്നതായും കാണുന്നു. അതായത് ഒടുക്കിയ തുക ഉൾപ്പെടെ അടുത്ത മാസ ഡിമാന്റ് നോട്ടീസിൽ ഉൾപ്പെടുത്തുകയും അടച്ച തുകയ്ക്ക് കൂടി പിഴ കണക്കാക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ കണക്കാക്കി നൽകിയ ഡിമാന്റ് നോട്ടീസ് പ്രകാരം 4/2019 ലെ പിഴ ഉൾപ്പെടെയുള്ള തുക ₹782243/-ഉം 3/2020 ലെ തുക ₹1330051/- ആണ്.

ഒടുക്കുന്ന തുക വരവ് വച്ച് ഡിമാന്റിൽ നിന്നും കുറവ് ചെയ്യുന്നതിനും പിഴപലിശ ഒഴിവാക്കുന്നതിനും സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കുന്നതിനായി ഓഡിറ്റ് അന്വേഷണം നം 4/28.01.2022 ന ലഭിച്ച മറുപടിയിൽ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കിയിരിക്കുന്നു. മുൻവർഷങ്ങളിൽ അടച്ച തുകകൂടി പരിശോധിച്ച് ഇക്കാര്യത്തിലുണ്ടായ അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-14 ഉമ്പൂർമുഴി മോഡൽ ഏയ്റോബിക് യൂണിറ്റ് നിർമാണം -പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട് വിശദാംശങ്ങൾ

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | അസി. എൻജിനിയർ LID &EW |
| പ്രോജക്ട് നം. | എസ് 178/2019 , എസ് 162/2020 |
| പേര് | മണിക്കൽ -മൂന്നാംകാട് ഉമ്പൂർമുഴി ഏയ്റോബിക് യൂണിറ്റ് |
| അടങ്കൽ തുക | 120000/- (തനതു ഫണ്ട് )<br>370000/- (TSC വിഹിതം )<br>ആകെ 490000/- രൂപ |
| ഭരണാനുമതി | തീരുമാന നം. 1 (1)/തീ. 04.09.2018 |
| സാങ്കേതികാനുമതി | 83869/2018-19 തീ. 15.09.2018 |
| കരാറുകാരൻ | ശ്രീ. റെജി ഫിലിപ്പ് |
| കരാർ നം | 46/AE/LSGD/PVM/തീ. 19.11.2018 |
| ആകെ ചെലവ് | 489278/- |
| ചെലവു വിവരങ്ങൾ | ചെക്ക് നം. 373257/തീ. 14.11.2019 . തുക370000/-രൂപ<br>ചെക്ക് നം. 3732570/തീ. 14.11.2019 . തുക 119278/- രൂപ |

പ്രസ്തുത പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഭരണസമിതി അനുവാദം കൂടാതെ എസ്റ്റിമേറ്റ് പുതുക്കി പ്രവൃത്തി പൂർത്തീകരിച്ചു

ഗ്രാമപഞ്ചായത്തിലെ മണിക്കൽ എന്ന പ്രദേശത്ത് TR&T കമ്പനി വിട്ടുനൽകിയ സ്ഥലത്ത് 10 $^{M}$ X 3.3$^{m}$ അളവിൽ, GI ഷീറ്റ് മേൽക്കൂരയോടു കൂടിയ ഒരു കെട്ടിടവും അതിൽ 12 തുമ്പൂർമുഴി ഏയ്റോബിക് യൂണിറ്റുകളും നിർമ്മിക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കി വിവിധ തലങ്ങളിൽനിന്ന് അംഗീകാരം വാങ്ങിയത്. മേൽക്കൂര GI ഷീറ്റുപയോഗിച്ച് മേയുവാനാണ് എസ്റ്റിമേറ്റിൽ നിശ്ചയിച്ചിരുന്നതെങ്കിലും നിർവഹണവേളയിൽ ഭരണസമിതിയുടെ അറിവോ അനുവാദമോ കൂടാതെ എസ്റ്റിമേറ്റ് പരിഷ്കരിച്ച്, "GI ഷീറ്റുപയോഗിച്ചുള്ള മേൽക്കൂര നിർമിക്കുന്നതും തുമ്പൂർമുഴി ഏയ്റോബിക് യൂണിറ്റുകൾ സ്ഥാപിക്കുന്നതുമായ" ഇനങ്ങൾ പൂർണമായി ഒഴിവാക്കി പകരം കെട്ടിടത്തിന് RCC മേൽക്കൂര നിർമിക്കുന്ന ഇനങ്ങൾ ഉൾപ്പെടുത്തി 29.10.2019-ൽ പ്രവൃത്തി പൂർത്തിയാക്കി. ശേഷം അതേ തീയതിയിലെ 7(6) നമ്പർ തീരുമാനപ്രകാരം ഭരണസമിതിയുടെ സാധൂകരണം വാങ്ങുകയാണ് ചെയ്തിട്ടുള്ളത്. റബ്ബർ എസ്റ്റേറ്റിന് മധ്യഭാഗത്തായി സ്ഥിതി ചെയ്യുന്നതിനാൽ ഷീറ്റ് മേൽക്കൂരയോടുകൂടിയ കെട്ടിടം ശാശ്വതമല്ലായെന്നും അതിനാൽ കോൺക്രീറ്റ് മേൽക്കൂരയോടു കൂടിയ കെട്ടിടം നിർമ്മിച്ചുവെന്നുമാണ് കാരണമായി പരാമർശിച്ചിട്ടുള്ളത്. റിവൈസ്ഡ് എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ടെങ്കിലും അതിൽ തീയതി രേഖപ്പെടുത്താത്തതിനാൽ എന്നാണ് അത് ലഭിച്ചതെന്ന് വ്യക്തമല്ല.

അംഗീകരിക്കപ്പെട്ട എസ്റ്റിമേറ്റിൽ നിന്ന് പ്രകടമായ മാറ്റങ്ങൾ അനിവാര്യമായി വരുന്ന സാഹചര്യങ്ങളിൽ 2012-കേരള പി.ഡബ്ല്യു.ഡി മാനുവൽ സെക്ഷൻ 1601.1.6 പ്രകാരം റിവൈസ് എസ്റ്റിമേറ്റ് തയ്യാറാക്കി മുൻപ് അനുമതി വാങ്ങിയ തലങ്ങളിൽനിന്ന് വീണ്ടും അത് ലഭ്യമാക്കിയ ശേഷമാണ് പ്രവൃത്തി തുടർന്ന് നടത്തേണ്ടതെന്നിരിക്കെ അപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാതെ ഏകപക്ഷീയമായി പ്രവൃത്തി പൂർത്തീകരിച്ച ശേഷം സാധൂകരണം വാങ്ങിയ നടപടി ക്രമപ്രകാരമുള്ളതല്ല. അത്തരം വീഴ്ചകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

2) ശാസ്ത്രീയ പഠനമോ ആവശ്യകതാ നിർണ്ണയമോ കൂടാതെയുള്ള പദ്ധതി ആസൂത്രണം

ഗ്രാമപഞ്ചായത്ത് എസ്റ്റേറ്റ് മേഖലയിൽ സ്ഥിതി ചെയ്യുന്നതിനാൽ അതിന്റെ ഉടമസ്ഥതയിലോ അല്ലാതെയോ വലിയ ചന്തകളും വ്യാപാര കേന്ദ്രങ്ങളും ഇവിടെയില്ല. പെരുവന്താനം ഗ്രാമപഞ്ചായത്ത് ജംഗ്ഷൻ മാത്രമാണ് ഏതാനും കടകൾ പ്രവർത്തിക്കുന്ന ഒരു പ്രദേശം. സ്വാഭാവികമായും വ്യാപാരകേന്ദ്രങ്ങളുമായി ബന്ധപ്പെട്ട ഖരമാലിന്യപരിപാലനത്തിന്റെ അനിവാര്യത ഇവിടെയില്ലാത്തതാണ്. ഖരമാലിന്യനീക്കത്തിന് സ്ഥിരം ജീവനക്കാരെ/ തൊഴിലാളികളെ നിയമിച്ചിട്ടില്ലെന്നും വേറിട്ട് കാണേണ്ടതാണ്. സംസ്ഥാനസർക്കാരിന്റെ പുതിയ മാലിന്യപരിപാലന നയം ("എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം") അനുസരിച്ച്, ജൈവമാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ ശേഖരിച്ച് സംസ്കരിക്കേണ്ടത് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് പകരം അതത് വ്യക്തികളുടെ ബാധ്യതയായി മാറിയിട്ടുണ്ട്. (തദ്ദേശ സ്വയംഭരണവകുപ്പിന്റെ ജി.ഒ.(പി) നം. 811/2020 തീയതി. 01.05.2020, ജി.ഒ.(പി) നം. 1496/2020 തീയതി. 12.08.2020 എന്നീ ഉത്തരവുകൾ കാണുക). ഈ സാഹചര്യത്തിൽ തുമ്പൂർമുഴി മോഡൽ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകളുടെ അനിവാര്യത ഗ്രാമപഞ്ചായത്തിന് ഇല്ലാത്തതാണ്. നിലവിൽ കമ്പോസ്റ്റ് യൂണിറ്റ് നിർമ്മാണത്തിനുള്ള സൈറ്റ് കണ്ടെത്തിയത് പെരുവന്താനം ഗ്രാമപഞ്ചായത്ത് ജംഗ്ഷനിൽ നിന്ന് ഏകദേശം 07 കിലോമീറ്റർ അകലെയുള്ള മണിക്കൽ മൂന്നാം കാട് എന്ന സ്ഥലത്താണ്. പ്രസ്തുത സൈറ്റ് ഓഡിറ്റ് വേളയിൽ പ്രാദേശികമായി പരിശോധിച്ചു. തൻവർഷം കമ്പോസ്റ്റ് യൂണിറ്റുകൾ ഒഴിവാക്കി RCC മേൽക്കൂരയോടുകൂടി നിർമിച്ച കെട്ടിടത്തിന് അനുബന്ധമായി 15m X 15m അളവിൽ വിശാലമായ ഒരു ഷെഡ് (GI ഷീറ്റ് മേൽക്കൂരയോടുകൂടിയ കെട്ടിടം ശാശ്വതമല്ലെന്ന് ചൂണ്ടിക്കാട്ടി എസ് 162/2020 -ന്റെ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത ശേഷം സമീപത്തുതന്നെ GI ഷീറ്റു മേൽക്കൂരയോടുകൂടി ഷെഡ് പണിതുവെന്ന വസ്തുത പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്). തുടർന്നുള്ള വർഷം നിർമ്മിച്ചിട്ടുണ്ട്. അതിൽ ഗണ്യമായ അളവിൽ പ്ലാസ്റ്റിക് മാലിന്യം ചാക്കുകളിൽ സംഭരിച്ച് സൂക്ഷിച്ചിട്ടുള്ളതായും കണ്ടു. കെട്ടിടത്തിലേക്ക് വൈദ്യുതി കണക്ഷൻ, ജലലഭ്യത എന്നിവയില്ല. നടപ്പു സാമ്പത്തിക വർഷം തുമ്പൂർമുഴി മോഡൽ കമ്പോസ്റ്റ് യൂണിറ്റ് പ്രസ്തുത ഷെഡിൽ സ്ഥാപിക്കാൻ പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടുള്ളതായി അസി. എൻജിനിയർ അറിയിച്ചിട്ടുണ്ട്. ജൈവമാലിന്യം ശേഖരിച്ച് സംസ്കരിക്കാൻ സർക്കാർ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് മുകളിൽ സൂചിപ്പിച്ചിട്ടുള്ള ഉത്തരവുകൾ പ്രകാരം നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളതാണ്. സംസ്കരിക്കാൻ പര്യാപ്തമായ അളവിൽ മാലിന്യം ലഭ്യമല്ലാത്തതിനാലും അത് നീക്കം ചെയ്യാൻ/പരിപാലിക്കാൻ ജീവനക്കാർ, വാഹനസൗകര്യം എന്നിവ ഗ്രാമപഞ്ചായത്തിനില്ലാത്തതിനാലും ഈ സൈറ്റിലുള്ള കമ്പോസ്റ്റ് പിറ്റ് നിർമാണം പാഴ്ച്ചെലവായി ഭവിക്കുന്നതാണ്. ഇത്ര ബൃഹത്തായ രീതിയിൽ മാലിന്യപരിപാലനത്തിന് യാതൊരു സാധ്യതയുമില്ലാതിരിക്കെ, ശാസ്ത്രീയമായ പഠനങ്ങളുടെയും വിലയിരുത്തലുകളുടെയും അടിസ്ഥാനത്തിൽ ആവശ്യാധിഷ്ഠിതമായി മാത്രം ഏറ്റെടുക്കേണ്ട ഇത്തരം പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കിയ നടപടി വികലമായ പദ്ധതി ആസൂത്രണത്തിന്റെ ഉദാഹരണമായി ഓഡിറ്റ് വിലയിരുത്തുന്നു. വൈദ്യുതി -ജലം എന്നിവ ലഭ്യമാകുന്ന പക്ഷം പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റിന് മാത്രമാണ് പ്രസ്തുത സ്ഥലത്ത് പ്രവർത്തന സാധ്യതയുള്ളത്. ആ രീതിയിലുള്ള പദ്ധതി കൂടിയാലോചനകൾക്കും പഠനങ്ങൾക്കുമായി വിഷയം ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധയിൽപ്പെടുത്തുന്നു.

1-15 മരാമത്ത് പ്രോജക്ടുകളുടെ ബാഹുല്യവും നാമമാത്ര അടങ്കലും വികസന സങ്കല്പത്തെ ബാധിക്കുന്നു

ഗ്രാമപഞ്ചായത്ത് ഓരോ വാർഷിക പദ്ധതിയിലും നൂറു മുതൽ നൂറ്റമ്പത് വരെ മരാമത്ത് പ്രവൃത്തികളാണ് ഏറ്റെടുക്കുന്നത്. അവയിൽ ഏറിയ പങ്കും റോഡ് നിർമാണ-നവീകരണ പ്രോജക്ടുകളും. എന്നാൽ അവ വിവിധ കാരണങ്ങളാൽ നടപ്പാക്കാതെ ഉപേക്ഷിക്കുകയോ തുടർന്നുള്ള വർഷത്തേക്ക് മാറ്റിവെയ്ക്കുകയോ ചെയ്യുന്നതാണ് പതിവായി കാണുന്ന പ്രവണത.

കമ്പോളത്തിലെ വിലക്കയറ്റം, തൊഴിലാളികളുടെ കൂലി വർദ്ധനവ്, നികുതി വ്യതിയാനം തുടങ്ങിയ കാരണങ്ങളാൽ സമയം തെറ്റിയുള്ള നിർവഹണം പദ്ധതികളുടെ കാര്യക്ഷമതയെയും ഗുണമേന്മയെയും ദോഷകരമായി ബാധിക്കുമെന്നത് തർക്കത്തിനിട നൽകാത്ത വസ്തുതയാണ്. ഗ്രാമപഞ്ചായത്ത് ഒരു യൂണിറ്റായി കണ്ട് വികസനപദ്ധതികൾ ഏറ്റെടുക്കണമെന്ന അടിസ്ഥാനതത്ത്വം പാലിക്കാതെ വാർഡടിസ്ഥാനത്തിലുള്ള സങ്കുചിത വ്യക്തിതാത്പര്യങ്ങൾ സംരക്ഷിക്കുന്നതിന് ഫണ്ടുകൾ വീതം വെയ്ക്കുന്നതിനാൽ നാമമാത്ര ദൈർഘ്യമുള്ള റോഡ് നിർമ്മാണ പ്രോജക്ടുകളാണ് ഓരോ വർഷവും ആവിഷ്ക്കരിക്കുന്നത്. ഗ്രാമീണറോഡുകളുടെ ശരാശരി ദൈർഘ്യം 3 മുതൽ 6 വരെ കിലോമീറ്ററായിരിക്കെ ഓരോ വർഷവും കോൺക്രീറ്റ്/ ടാറിംഗ് നടത്തുന്നത് കേവലം 40 മുതൽ 100 വരെ മീറ്റർ നീളത്തിലാണ്. ഇത്തരത്തിൽ ഒരു റോഡ് പൂർത്തീകരിക്കുവാൻ എത്ര വാർഷികപദ്ധതികൾ ആവിഷ്ക്കരിക്കേണ്ടി വരുമെന്നത് ഊഹിക്കാവുന്നതേയുള്ളൂ. റോഡിന്റെ ഒരു റീച്ചിൽ നിന്ന് നിർമാണം ആരംഭിച്ച് പാതിയെത്തുമ്പോഴേക്കും ആദ്യം ചെയ്ത ഭാഗത്ത് അറ്റകുറ്റപ്പണികൾ വേണ്ടി വരുന്ന സാഹചര്യവും സുലഭമാണ്. 2021-2022 മുതൽ 2018-ലെ DSR അടിസ്ഥാനമാക്കി വിലസൂചികയിലെ (Cost Index) തുക കൂടി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനാൽ നിർമ്മാണപ്രവൃത്തികളുടെ ചെലവ് വളരെയധികം വർധിച്ചിട്ടുണ്ട്. ഇതിനുപുറമെ 2019-20 മുതൽ GST നഷ്ടപരിഹാരമായി 12% തുക കൂടി കരാറുകാരന് നൽകേണ്ടി വരുന്നതും ചെലവുഭാരം വർദ്ധിപ്പിക്കുന്നു. ഓഡിറ്റ് വർഷം ആസൂത്രണം ചെയ്തതും നടപ്പാക്കിയതുമായ മരാമത്ത് പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | അസി. എൻജിനിയർ നിർവഹണ ഉദ്യോഗസ്ഥനായി ആവിഷ്ക്കരിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പാക്കിയവ | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|
| 2019-20 | 111 | 59 | 53 |

(തൻവർഷം നടപ്പാക്കിയ 59 പ്രോജക്ടുകളിൽ 18 എണ്ണവും സ്പിൽ ഓവർ പ്രോജക്ടുകളാണെന്ന വസ്തുത വേറിട്ടു കാണേണ്ടതാണ്).

ഓരോ വർഷവും ലഭ്യമാകുന്ന സർക്കാർ ഗ്രാന്റുകളുടെ പകുതി പോലും വിനിയോഗിക്കാതെയാണ് ഓരോ വാർഷിക പദ്ധതിയും കടന്നു പോകുന്നത്. തൻമൂലം തുടർന്നു വരുന്ന വർഷത്തെ അലോട്ട്മെന്റിൽനിന്ന് പ്രസ്തുത പ്രോജക്ടുകൾക്ക് തുക കണ്ടെത്തേണ്ടി വരുന്നു. ഇത്തരത്തിൽ സ്പിൽ ഓവർ പദ്ധതികൾക്ക് തുക വകയിരുത്തേണ്ടി വരുന്നത് തൻവർഷം പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് വലിയ പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്. (മുൻപട്ടികയിലെ കണക്കുകൾ ശ്രദ്ധിക്കുക). സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി മൂലം യഥാസമയം ബില്ലുകൾ പിൻവലിക്കാൻ കഴിയാതെ വരുന്നതും വിഷയം സങ്കീർണമാക്കുന്നു. ഓഡിറ്റ് വർഷത്തെ സ്ഥിതി വിവരക്കണക്കുകൾ ചുവടെ ചേർക്കുന്നു.

പശ്ചാത്തലമേഖലയിലെ ഫണ്ടു വിനിയോഗം

| സാമ്പത്തിക വർഷം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|
| 2019-20 | 40865467 | 16836914 | 41 |

(2018-19 വർഷം പൂർത്തിയായതും എന്നാൽ മാർച്ച് 31-ന് മുൻപ് പിൻവലിക്കാൻ കഴിയാതെ കുവിലായിപ്പോയ 18 ബില്ലുകളും ഉൾപ്പെടുന്നതാണ് 2019-20-ലെ ചെലവ്).

നാമമാത്രമാത്രമായ അടങ്കലുള്ള പ്രോജക്ടുകളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നത് ജീവനക്കാർക്ക് ജോലിഭാരവും സമ്മർദ്ദവും വർദ്ധിപ്പിക്കുന്നുവെന്നതും പ്രത്യേകം കാണേണ്ടതാണ്. വാർഡടിസ്ഥാനത്തിലുള്ള ഫണ്ട് വീതംവെയ്പുകളും മറ്റു സങ്കുചിത താത്പര്യങ്ങളും മാറ്റിനിർത്തി പ്രോജക്ടുകളുടെ എണ്ണം പരമാവധി കുറച്ചും, അടങ്കൽ തുക വർദ്ധിപ്പിച്ചും പദ്ധതിപ്പണത്തിന്റെ വിനിയോഗം സാർത്ഥകമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഭരണസമിതി, വർക്കിംഗ് ഗ്രൂപ്പ് എന്നിവരുടെ അടിയന്തിരശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-16 ലാപ്ടോപ്പ് വിതരണം - കോഴ്സ് പൂർത്തിയായ കുട്ടികൾക്ക് ലാപ്ടോപ്പ് നൽകിയിരിക്കുന്നു.

നിർവ്വഹണം- അസിസ്റ്റന്റ് സെക്രട്ടറി

എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വിതരണം (പ്രോജക്ട് നം.96/20), പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ് (പ്രോജക്ട് നം.97/2020) എന്നീ രണ്ട് പ്രവൃത്തികളിൽ കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വിതരണം നടത്തിയിരിക്കുന്നു. 2019-20 വർഷ പദ്ധതിയാണെങ്കിലും പ്രസ്തുത വർഷം ലാപ്ടോപ് വിതരണം നടത്താതെ 10/2020 ൽ മാത്രമാണ് വിതരണം നടത്തിയിരിക്കുന്നത്.

കെൽട്രോൺ മുഖേന വാങ്ങൽ നടത്തിയാണ് ലാപ്ടോപ്പുകൾ വിതരണം നടത്തിയിരിക്കുന്നത്. കെൽട്രോൺ നേരിട്ട് ഉത്പാദിപ്പിപ്പിക്കുന്ന ലാപ്ടോപ്പുകളല്ല മറിച്ച് മറ്റ് സ്ഥാപനങ്ങൾ മുഖേനയാണ് വിതരണം നടത്തുന്നത്. ഇവിടെ വിതരണം നടത്തിയിരിക്കുന്നത് ലെനോവോ കമ്പനിയുടെ ഉത്പന്നങ്ങളാണ്. കെൽട്രോണിന്റെ പ്രഫോർമ ഇൻവോയ്സ് നമ്പർ TVM/ITBG/PI/RC/11878/19-20 തീയതി 27.11.2019 പ്രകാരം ഓർഡർ ഉറപ്പിച്ച് നൽകി 45 ദിവസത്തിനുള്ളിൽ വിതരണം നടത്തുന്നതാണ് എന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. 28.12.2019 ൽ ഈ പദ്ധതികൾക്കാവശ്യമായ തുകകൾ കെൽട്രോണിന് നൽകിയിട്ടുള്ളതാണ്. ഇതുപ്രകാരം 13.02.2020ന് മുൻപായി ലാപ്ടോപ്പുകൾ കെൽട്രോൺ വിതരണം നടത്തേണ്ടതായിരുന്നു. ലെനോവോ കമ്പനിയുടെ RV 200105006488, RV 200105005866 എന്നീ ഇൻവോയ്സുകൾ പ്രകാരം 30.09.2020ൽ മാത്രമാണ് വിതരണം നടത്തിയത്. ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയത് 10/10/2020 ലും. മറ്റ് കമ്പനികളിൽ നിന്ന്

വാങ്ങി വിതരണം നടത്തുന്ന ഉത്പന്നങ്ങൾ പോലും സമയബന്ധിതമായി നൽകാൻ കെൽട്രോണിന് സാധിക്കാത്തതിനാൽ പദ്ധതിയുടെ പ്രയോജനം പൂർണ്ണമായി വിദ്യാർത്ഥികൾക്ക് ലഭിച്ചില്ല. 2019-20വർഷം കോഴ്സ് പൂർത്തിയായ ഏതാനും കുട്ടികൾക്കും ലാപ്ടോപ് വിതരണം നടത്തിയത് 2020-21 വർഷത്തിലാണ്.

1. എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വിതരണം 96/20

ബിൽ നം.19100252014501001870/28.12.2019-₹206055

മേൽബില്ല് പ്രകാരമുള്ള തുക 9 ലാപ്ടോപ്പുകൾക്കായി കെൽട്രോണിന് നൽകിയിരിക്കുന്നു.

കോഴ്സ് പൂർത്തിയായതിന് ശേഷം ലാപ്ടോപ് വിതരണം നടത്തിയിരിക്കുന്ന വിദ്യാർത്ഥികളുടെ വിവരം സൂചിപ്പിക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | 2019-20ൽ പഠനം നടത്തിയ കോഴ്സ്/ കോളേജ് |
|---|---|---|
| 1 | അഞ്ജന മണി, മണിക്കല്ലോരം, 44A, കുപ്പക്കയം | ബി എ ഹിസ്റ്ററി മൂന്നാം വർഷം<br>സെന്റ് ഡോമിനിക്സ് കോളേജ് കാഞ്ഞിരപ്പള്ളി |
| 2 | അഖിൽ വി കെ, S/Oകുഞ്ഞുമോൻ പി കെ. വെമ്പാലയിൽ വീട് കുപ്പക്കയം പി ഒ | ബി എസ് സി കെമിസ്ട്രി മൂന്നാം വർഷം, ഗവൺമെന്റ് കോളേജ് കോട്ടയം. |
| 3 | ജ്വാല ഓമനക്കുട്ടൻ<br>D/O ഓമനക്കുട്ടൻ സി കെ | ബി എസ് സി നഴ്സിംഗ് മൂന്നാം വർഷം R N S കോളേജ് മുരുടേശ്വർ, കർണ്ണാടക. (27.07.2019ലെ RNS CON/42/2019 നമ്പർ സർട്ടിഫിക്കറ്റ് പ്രകാരം 2018-19 ൽ ബി എസ് സി നഴ്സിംഗ് രണ്ടാംവർഷ വിദ്യാർത്ഥിനി) |
| 4 | മോനിഷ ടി എം D/Oമോഹൻദാസ് ടി സി, തെങ്ങുംപറമ്പിൽ വീട് , കോരുത്തോട് പി ഒ. | ബി എസ് സി നഴ്സിംഗ് മൂന്നാം വർഷം R N S കോളേജ് മുരുടേശ്വർ, കർണ്ണാടക. (27.07.2019ലെ RNS CON/42/2019 നമ്പർ സർട്ടിഫിക്കറ്റ് പ്രകാരം 2018-19 ൽ രണ്ടാം വർഷ ബി എസ് സി നഴ്സിംഗ് വിദ്യാർത്ഥി) |
| 5 | ആകാശ് കെ ഷിബു കരിനാട്ടേൽ, പാലൂർക്കാവ് പി ഒ | ബി എസ് സി ഫിസിക്സ് മൂന്നാം വർഷം, സെന്റ് ഡോമിനിക്സ് കോളേജ് കാഞ്ഞിരപ്പള്ളി (23.06.2020ലെ സർട്ടിഫിക്കറ്റ് പ്രകാരം 2017-2020 കാലയളവിലെ വിദ്യാർത്ഥി) |

2. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് -97/2020

ബിൽ നം.19100252014501001864/28.12.2019-₹137370

മേൽബില്ല് പ്രകാരമുള്ള തുക 6 ലാപ്ടോപ്പുകൾക്കായി കെൽട്രോണിന് നൽകിയിരിക്കുന്നു.

കോഴ്സ് പൂർത്തിയായതിന് ശേഷം ലാപ്ടോപ് വിതരണം നടത്തിയിരിക്കുന്ന വിദ്യാർത്ഥിയുടെ വിവരം സൂചിപ്പിക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | 2019-20ൽ പഠനം നടത്തിയ കോഴ്സ് / കോളേജ് |
|---|---|---|
| 1 | അഞ്ജനദേവി പി ഡി<br>D/O ദിവാകരൻ<br>പുത്തൻ പുരയ്ക്കൽ വീട്<br>കോരുത്തോട്. | ബി എസ് സി ബോട്ടണി മൂന്നാം വർഷം<br>ഗവൺമെന്റ് കോളേജ് കോട്ടയം. |

മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 9/29.01.2022ന് മറുപടി ലഭ്യമാക്കിയില്ല. സമയബന്ധിതമായി കെൽട്രോൺ ലാപ് ടോപ്പുകൾ വിതരണം നടത്താത്തതുമൂലം കോഴ്സ് കാലാവധിയിൽ വിതരണം നടത്താനായില്ല. ആയതിനാൽ പദ്ധതിയുടെ പ്രയോജനം ഗുണഭോക്താക്കൾക്ക് ലഭിച്ചിട്ടില്ല. സമയബന്ധിതമായി ലാപ്ടോപ്പുകൾ ലഭിക്കാത്തതു സംബന്ധിച്ച് നിർവ്വഹണോദ്യോഗസ്ഥൻ ഏതെങ്കിലും നടപടികൾ സ്വീകരിച്ചതായി അറിയിച്ചിട്ടില്ല. ഇത്തരം അപാകതകൾ തുടർന്ന് സംഭവിക്കാതിരിക്കാൻ ഭരണസമിതിയും നിർവ്വഹണ ഉദ്യോഗസ്ഥനും ശ്രദ്ധിക്കേണ്ടതാണ്.

1-17 ആശ്രയ പദ്ധതി - പദ്ധതി ഭാഗീകമായി മാത്രം നടപ്പാക്കിയിരിക്കുന്നു.

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രോജക്ട് നം | 6/2020 |
| അടങ്കൽ | 350000/-(തനത് ഫണ്ട്) |
| വൗച്ചർ നം | 21901019/18.12.2020 ₹23000/- |

സാമ്പത്തികമായും സാമൂഹികമായും വളരെ പിന്നോക്കം നിൽക്കുന്ന ജനങ്ങളെ മുഖ്യധാരയിലേയ്ക്ക് ഉയർത്തിക്കൊണ്ട് വരുന്നതിനായി ആവിഷ്ക്കരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് ആശ്രയ പദ്ധതി. തൻവർഷം ഈ പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത് ഒരു ഗുണഭോക്താവിന് വീട് നിർമ്മിച്ച് നൽകുന്നതിനും ഒരു ഭവന പുനരുദ്ധാരണത്തിനും 69

ഗുണഭോക്താക്കൾക്ക് ഭക്ഷണം വിതരണം നടത്തുന്നതിനുമാണ്. എന്നാൽ പദ്ധതിയിൽ നാമമാത്രമായ തുക മാത്രമാണ് ചെലവഴിച്ചിരിക്കുന്നത്. കുടുംബശ്രീ മെമ്പർ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ 29 ഗുണഭോക്താക്കൾ ഉൾപ്പെടുന്ന ഒരു ലിസ്റ്റും പെരുവന്താനം സർവ്വീസ് സഹകരണ ബാങ്കിന്റെ ആകെ ₹23000/- വരുന്ന പലചരക്ക് സാധനങ്ങളുടെ നാല് ഇൻവോയ്സുകളുമാണ് ഉൾപ്പെടുന്നത്. ബിൽ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇൻവോയ്സ് നമ്പർ/ തീയതി | തുക |
|---|---|
| 9245/08.05.2019 | ₹ 5600/- |
| 8855/29.03.2019 | ₹5800/- |
| 9709/06.06.2019 | ₹5600/- |
| 113/10.07.2019 | ₹6000/- |

വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെയും ഏതെങ്കിലും തരത്തിൽ വിതരണം നടത്തിയതിന്റെയോ രേഖകൾ ലഭ്യമല്ല. വാങ്ങിയ സാധനങ്ങൾ എന്തുചെയ്തു എന്നതിന് രേഖ ലഭ്യമാക്കണമെന്നും, വളരെ പിന്നോക്കം നിൽക്കുന്ന ജനങ്ങൾക്കായി മാറ്റി വച്ചിരിക്കുന്ന ഈ പണം സമയബന്ധിതമായി ചെലവഴിച്ച് ഇവർക്ക് എത്രയും പെട്ടന്ന് പ്രയോജനം ലഭിക്കുന്നതിന് ശ്രമിക്കാതിരുന്നതിന്റെ കാരണം അന്വേഷിച്ചുകൊണ്ടും നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 3/28.01.2022ന് ലഭിച്ച മറുപടിയിൽ ഗുണഭോക്താക്കൾ യഥാസമയം രേഖകൾ ലഭ്യമാക്കാതിരുന്നതിനാലാണ് വീട് നിർമ്മിച്ച് നൽകുന്നതിനും ഭവന പുനരുദ്ധാരണത്തിനും സാധിക്കാതിരുന്നത് എന്നും ആയതിനാൽ സ്പിൽ ഓവറായി 2020-21 വർഷം ഉൾപ്പെടുത്തിയിരുന്നു എന്നും രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ 2020-21 വർഷവും പദ്ധതി നടപ്പാക്കിയതായി അറിയിച്ചിട്ടില്ല. മാത്രമല്ല ഭക്ഷണ വിതരണത്തിനായി ചെലവഴിച്ച ₹23000/- വിനിയോഗം സംബന്ധിച്ച രജിസ്റ്ററിന്റെ പകർപ്പ് എന്ന പേരിൽ ലഭ്യമാക്കിയിരിക്കുന്ന 'ആശ്രയ അംഗങ്ങൾക്ക് ഭക്ഷണം ജൂലൈ 2019' എന്ന തലക്കെട്ടുള്ള ഒരു പേപ്പറിന്റ ഇരുപുറത്തുമായി ₹500/-മുതൽ ₹900 വരെയുള്ള തുകകളായി ആകെ ₹23000/- 11/07/19മുതൽ 22/07/2019 വരെ 40 പേർ ഒപ്പിട്ട് കൈപ്പറ്റിയതായി രേഖപ്പെടുത്തിയിരിക്കുന്നു. മാർച്ച് 2019 മുതൽ ഇൻവോയ്സുകൾ പ്രകാരം ₹23000/-യുടെ സാധനങ്ങൾ വാങ്ങിയതും വിതരണം ചെയ്തതായി രേഖപ്പെടുത്തിയ തുകയും തമ്മിൽ യാതൊരു വിധത്തിലും പൊരുത്തപ്പെടുന്നില്ല. ആയതിനാൽ മറുപടി അംഗീകരിക്കുന്നില്ല. ₹23000/-ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-18 കുടമാൻകുളം കമ്മ്യൂണിറ്റി ഹാളിന് ഫർണിച്ചർ - അപാകതകൾ

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രോജക്ട് നം | 147/2020 |
| അടങ്കൽ | 100000/-(വികസന ഫണ്ട്) |
| ബിൽ നം | 19100252014400514561/29.08.2019 ₹100000/- |

കുടമാൻകുളം കമ്യൂണിറ്റി ഹാളിലേയ്ക്ക് കയ്യില്ലാത്ത പ്ലാസ്റ്റിക് കസേരകൾ-125, നോവാപാൻ ടോപ്പോടുകൂടിയ സ്റ്റീൽ മേശ -1, സ്റ്റീൽ ഓഫീസ് അലമാര- 1, എക്സിക്യൂട്ടീവ് ഓഫീസ് ചെയർ കൈപ്പിടിയോടുകൂടിയത് -1 എന്നിവ വാങ്ങുന്നതിനായി രൂപികരിച്ച പദ്ധതിയാണിത്. ഇതിനായി പരസ്യപ്പെടുത്തിയ ടെണ്ടർ നോട്ടീസ് നമ്പർ A4-195/19/13.02.19 പ്രകാരം ലഭിച്ച ടെണ്ടറുകളിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിരിക്കുന്നത് ജയ്സൺ ഇംപക്സ്, പാല എന്ന സ്ഥാപനമാണ്.

'ജയ്സൺ ഇംപക്സ്, പാല ആണ് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിരിക്കുന്നത് എങ്കിലും എല്ലാ സാധനങ്ങളും ജെയ്സൺ ഇംപക്സ് നേരിട്ട് നിർമ്മിക്കുന്നതല്ല' എന്ന കാരണത്താൽ പഞ്ചായത്ത് കമ്മറ്റിയുടെ 05.03.2019ലെ തീരുമാന പ്രകാരം ഒഴിവാക്കി കൂടിയ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനമായ ജെ ജെ ട്രേഡേഴ്സ്, വൈക്കം എന്ന സ്ഥാപനത്തിന് ടെണ്ടർ ഉറപ്പിച്ച് നൽകിയിരിക്കുന്നു. ടെണ്ടർ മുഖേന നടത്തുന്ന വാങ്ങലുകൾക്ക് നേരിട്ട് നിർമ്മിക്കണം എന്ന നിബന്ധന പാടില്ലാത്തതിനാൽ ഈ തീരുമാനം അംഗീകരിക്കുന്നില്ല.

ഈ രണ്ട് സ്ഥാപനങ്ങളും രേഖപ്പെടുത്തിയിരുന്ന ടെണ്ടർ നിരക്കുകൾ താഴെ ചേർക്കുന്നു.

| ടെണ്ടർ നോട്ടീസ് പ്രകാരം ആവശ്യമുള്ള ഇനം | ജയ്സൺ ഇംപക്സ് | | ജെ ജെ ട്രേഡേഴ്സ് | | ടെണ്ടർ നോട്ടീസിൽ ആവശ്യമുള്ള സ്പെസിഫിക്കേഷൻ അനുസരിച്ച് കുറഞ്ഞ നിരക്ക് |
|---|---|---|---|---|---|
| പ്ലാസ്റ്റിക് കസേര- കയ്യില്ലാത്തത്, വെർജിൻ പ്ലാസ്റ്റിക്, ISI സ്റ്റാൻഡേർഡ്- 125എണ്ണം | അംബാസിഡർ -100% വെർജിൻ പ്ലാസ്റ്റിക്, ISOക്വാളിറ്റി, 2വർഷ വാറണ്ടി | ₹ 435 /- | നീൽകമൽ 4002- | ₹495 | 475/- |

| | | | | | |
|---|---|---|---|---|---|
| | ആരിസ്സ്- 100% വെർജിൻ പ്ലാസ്റ്റിക്, ISIക്വാളിറ്റി, 2 വർഷ വാറണ്ടി | ₹475/- | | | |
| നോവാപാൻ ടോപ്പോടുകൂടിയ സ്റ്റീൽ ഓഫീസ് ടേബിൾ- ടൈപ്പ്.4x 2 ഡ്രോ- 1, കബോർഡ്-1 ISI സ്റ്റാൻഡേർഡ്,18,20,22 ഗേജ് 1 എണ്ണം | 18 ഗേജ്, 3 വർഷ വാറണ്ടി | ₹3250/- | | | |
| | 20ഗേജ്, 2 വർഷ വാറണ്ടി | ₹2850/- | 20ഗേജ് | ₹3840/ | ₹2850/- |
| | 22 ഗേജ്, 1വർഷ വാറണ്ടി | ₹2550/- | | | |
| ഓഫീസ് ചെയർ -കയ്യുള്ളത്.ISI സ്റ്റാൻഡേർഡ് 1 എണ്ണം | X-ചെയർ-1വർഷ വാറണ്ടി | ₹2800/- | | | |
| | റിവോൾവിംഗ് ചെയർ -2വർഷ വാറണ്ടി | ₹6000/- | | | |
| | ഹൈബാക്ക് റിവോൾവിംഗ് ചെയർ - 3വർഷ വാറണ്ടി | ₹10000/- | ഹൈബാക്ക്,ഹൈറ്റ് അഡ്ജസ്റ്റബിൾ റിവോൾവിംഗ് ചെയർ -നീൽകമൽ/ഗിൽമാ- | ₹10960 /- | ₹10000/ |
| ഓഫീസ് അലമാര- സ്റ്റീൽ 6 1/2x3x1 ½ ISI സ്റ്റാൻഡേർഡ് 18,20,22 ഗേജ്. 1 എണ്ണം | 18ഗേജ്, 3വർഷ വാറണ്ടി | ₹12000/- | | | |
| | 20ഗേജ്, 2വർഷ വാറണ്ടി | ₹10000/- | 20ഗേജ്- | ₹11480 | ₹10000 |
| | 22 ഗേജ്, 1വർഷ വാറണ്ടി | ₹7900/- | | | |

ജെ ജെ ട്രേഡേഴ്സിന്റെ ഇൻവോയ്സ് നം.32/28.03.2019പ്രകാരം കയ്യില്ലാത്ത കസേരകൾ 149 എണ്ണമാണ് വാങ്ങിയിരിക്കുന്നത്. മറ്റിനങ്ങൾ ടെണ്ടർ നോട്ടീസിൽ രേഖപ്പെടുത്തിയിരിക്കുന്ന എണ്ണം തന്നെയാണ് വാങ്ങിയിരിക്കുന്നത്. കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തിൽ നിന്ന് വാങ്ങൽ നടത്തിയിരുന്നു എങ്കിൽ അനുവദിക്കാവുന്ന തുക.

| ഇനം | എണ്ണം | നിരക്ക് | അനുവദിക്കാവുന്ന തുക |
|---|---|---|---|
| പ്ലാസ്റ്റിക് കസേര- കയ്യില്ലാത്തത് | 149 | ₹475/- | 70775 |
| നോവാപാൻ ടോപ്പോടുകൂടിയ സ്റ്റീൽ ഓഫീസ് ടേബിൾ | 1 | ₹2850/- | 2850 |
| ഓഫീസ് ചെയർ -കയ്യുള്ളത് | 1 | ₹10000/ | 10000 |
| ഓഫീസ് അലമാര- സ്റ്റീൽ | 1 | ₹10000/- | 10000 |
| ആകെ | | | 93625 |

അധികം നല്കിയ തുക 100000-93625= ₹6375/-.

അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നേരിട്ട് നടത്തിയ പരിശോധനയിൽ ഓഫീസ് ചെയർ – കയ്യുള്ളത് അവിടെ സൂക്ഷിച്ചിട്ടുള്ളതായി കണ്ടില്ല. മാത്രമല്ല ഓഡിറ്റ് റിക്വിസിഷൻ നം 1/27.01.2022 നൽകി ആവശ്യപ്പെട്ടിട്ടും സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയില്ല. അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 10/29.01.2022ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ₹6375/-യുടെ ചെലവ് അംഗീകരിക്കുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥനും പഞ്ചായത്ത് കമ്മറ്റി അംഗങ്ങളും നഷ്ടോത്തരവാദികളാണ്. കൂടാതെ പരിശോധനയിൽ കാണാതിരുന്ന ഹൈബാക്ക്, ഹൈറ്റ് അഡ്ജസ്റ്റബിൾ റിവോൾവിംഗ് ചെയർ -നീൽകമൽ ന് ജെ ജെ ട്രേഡേഴ്സിന്റെ ഇൻവോയ്സ് നം 32/28.03.2019 പ്രകാരം മുകളിൽ സൂചിപ്പിച്ച ബില്ലിൽ നിന്ന് ചെലവഴിച്ച ₹10960/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-19 മുട്ടക്കോഴി വിതരണം- പദ്ധതി നടത്തിപ്പിലെ അപാകതകൾ

നിർവ്വഹണം -വെറ്ററിനറി സർജൻ

മുട്ടക്കോഴി വളർത്തലിലൂടെ കുടുംബങ്ങൾക്ക് വരുമാന വർദ്ധനവ് ഉണ്ടാക്കുകയെന്ന ലക്ഷ്യത്തോടെ പഞ്ചായത്ത് പ്രൊക്യൂർമെന്റ്

കമ്മറ്റിയുടെ അംഗീകാരത്തോടെ സർക്കാർ ഫാമുകളിൽ അല്ലെങ്കിൽ സർക്കാർ അംഗീകൃത ഫാമുകളിൽ നിന്ന് ഗുണഭോക്തൃ കമ്മറ്റി കോഴിക്കുഞ്ഞുങ്ങളെ വാങ്ങി 45-60 ദിവസം പ്രായമായിക്കഴിയുമ്പോൾ അഞ്ച് മുട്ടക്കോഴിക്കുഞ്ഞുങ്ങളെ ഒരു യൂണിറ്റായി കണക്കാക്കി വനിതകൾക്ക് വിതരണം ചെയ്യുന്നതിനാണ് പദ്ധതിയിൽ വിഭാവനം ചെയ്തത്. പദ്ധതി നടപ്പാക്കിയപ്പോൾ തുക അനുവദിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | (ജനറൽ) | | എസ്.സി.പി. | | റ്റി.എസ്.പി. |
|---|---|---|---|---|---|---|
| വിഭവ സ്രോതസ്സ് | വികസന ഫണ്ട് | 300000 | | 50000 | | 38400 |
| | ഗുണഭോക്തൃവിഹിതം (പഞ്ചായത്തിൽ അടയ്ക്കുന്നത്) | 300000 | | 21429 | തനത് ഫണ്ട് | 16457 |
| | ആകെ അടങ്കൽ | 600000 | | 71429 | | 54857 |
| ചെലവ് വിശദാംശങ്ങൾ | ബിൽ നം. 2/19-20/ 18.01.2020<br>ചെക്ക് നം.3732573/ 22.11.2019 | 105412<br>152625 | ബിൽ നം. 3/19-20/ 03.01.2020<br>ചെക്ക് നം.3732573/ 22.11.2019 | 13600<br>5100 | ബിൽ നം. 4/19-20/ 03.01.2020<br>ചെക്ക് നം. 3732573/ 22.11.2019 | 38400<br>2300 |
| | ആകെ | 258037 | | 18700 | | 40700 |

കോഴിക്കുഞ്ഞുങ്ങളെ വാങ്ങിയെന്ന് സൂചിപ്പിക്കുന്ന എഗ്ഗർ നേഴ്സറി, മണപ്പാടി, മൂലമറ്റം, ഇടുക്കി, ഇലവുങ്കൽ, കണ്ണിക്കൽ പി.ഒ. എന്ന് പ്രിന്റ് ചെയ്തിരിക്കുന്ന ബില്ലുകൾ ഫയലുകളിൽ സൂക്ഷിച്ചിട്ടുണ്ട്. ഹാച്ചറികളിൽ നിന്ന് ഒരു ദിവസം പ്രായത്തിൽ സർക്കാർ അംഗീകൃത എഗ്ഗർ നേഴ്സറികൾക്ക് ലഭിക്കുന്ന കോഴിക്കുഞ്ഞുങ്ങളെ 45 മുതൽ 60 ദിവസം വരെ പ്രായമാവുമ്പോൾ വാങ്ങി ഒന്നിന് ₹110/- എന്ന നിരക്കിൽ 5 എണ്ണമുള്ള ഒരു യൂണിറ്റാണ് ഓരോ കുടുംബത്തിനും വിതരണം ചെയ്യുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വിഭാഗം | ഇൻവോയ്സ് നം., തീയതി | കോഴിക്കുഞ്ഞുങ്ങളുടെ എണ്ണം | തുക (₹) |
|---|---|---|---|
| ജനറൽ | 257/26.10.2019 | 2775 | 305250 |
| എസ്.സി.പി. | 249/26.10.2019 | 170 | 18700 |
| റ്റി.എസ്.പി. | 258/26.10.2019 | 370 | 40700 |

പദ്ധതി നടത്തിപ്പിലുണ്ടായ അപാകതകൾ ചുവടെ ചേർക്കുന്നു.

1) സർക്കാർ ഫാമുകളിൽ അല്ലെങ്കിൽ സർക്കാർ അംഗീകൃത ഫാമുകളിൽ/എഗ്ഗർ നേഴ്സറികളിൽ നിന്ന് മാത്രം കോഴിക്കുഞ്ഞുങ്ങളെ വാങ്ങി വിതരണം ചെയ്യാനാണ് പദ്ധതിയിൽ വിഭാവനം ചെയ്തത്. സർക്കാർ അംഗീകൃത സ്ഥാപനമാണ് " എഗ്ഗർ നേഴ്സറി " യെന്ന് തെളിയിക്കുന്ന രേഖകൾ ഫയലിൽ ഇല്ല.

2) സർക്കാർ പദ്ധതിയായി മുട്ടക്കോഴി വിതരണം ചെയ്യുന്ന സംഗതിയിൽ, അംഗീകൃത ഹാച്ചറികളിൽ നിന്ന് ഒരു ദിവസം പ്രായത്തിലുള്ള കോഴിക്കുഞ്ഞുങ്ങളെ വാങ്ങി വളർത്തി വിതരണം ചെയ്യാനാണ് ഗവ.അംഗീകൃത എഗ്ഗർ നേഴ്സറികൾക്ക് അനുവാദമുള്ളത്. ഇവിടുത്തെ സംഗതിയിൽ, "എഗ്ഗർ നേഴ്സറി" ഒരു ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ ഹാച്ചറികളിൽ നിന്ന് വാങ്ങി 45-60 ദിവസ കാലയളവിൽ വളർത്തിയതിന് ശേഷം മാത്രമാണ് വിതരണത്തിന് നിർവ്വഹണ ഉദ്യോഗസ്ഥന് കൈമാറിയിരിക്കുന്നതെന്ന് തെളിയിക്കുന്ന, ഹാച്ചറിയിൽ നിന്ന് ലഭിക്കുന്ന ബില്ലിന്റെ വിശദാംശങ്ങൾ ഫയലിൽ ഇല്ല.

3) "എഗ്ഗർ നേഴ്സറി" -യിൽ കോഴിക്കുഞ്ഞുങ്ങൾക്ക് കൃത്യമായി വാക്സിനേഷൻ ലഭിച്ചുവെന്ന് ഉറപ്പാക്കുന്ന വെറ്ററിനറി സർജന്റെ സാക്ഷ്യപത്രമില്ല.

4) 3315 കോഴിക്കുഞ്ഞുങ്ങളെ വാങ്ങിയെന്ന് സൂചിപ്പിക്കുന്നുണ്ടെങ്കിലും ഇത്രയും ഗണ്യമായ എണ്ണം നിർവ്വഹണ ഉദ്യോഗസ്ഥൻ സംഭരിച്ചതിന്റെയും വാർഡുകളിൽ എത്തിച്ചതിന്റെയും വിതരണം ചെയ്തതിന്റെയും യാതൊരു വിശദാംശങ്ങളും ഫയലിൽ ഇല്ല. സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.2/28.01.20200) മറുപടി ലഭിച്ചില്ല.

മേൽ സൂചിത അപാകതകളുടെ അടിസ്ഥാനത്തിൽ ഈയിനത്തിലുള്ള ₹317437/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-20 ആംബുലൻസ് വാങ്ങുന്നതിന് ബുക്കിംഗ് ചാർജ് നൽകി - വാഹനം വാങ്ങിയിട്ടില്ല.

6.6.2019-ലെ പഞ്ചായത്ത് കമ്മറ്റി തീരുമാനപ്രകാരം എം.എൽ.എ. ഫണ്ട് വിഹിതമിനത്തിൽ ലഭിക്കുന്ന തുക ഉപയോഗിച്ച് ആംബുലൻസ് വാങ്ങുന്നതിന് പോപ്പുലർ വെഹിക്കിൾസ് ആന്റ് സർവീസ് ലിമിറ്റഡ്, കോട്ടയം എന്ന സ്ഥാപനത്തിന് വൗച്ചർ നം. 2190410/27.8.19 പ്രകാരം വാഹന ബുക്കിംഗ് ചാർജായി 11000/- നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയും വാഹനം വാങ്ങിയിട്ടില്ല. ആയതിനാൽ അഡ്വാൻസ് നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

1-21 പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥലം പഞ്ചായത്തിന്റെ പേരിൽ കൂട്ടിയിട്ടില്ല

10.12.2019-ലെ പഞ്ചായത്ത് കമ്മറ്റിയുടെ 20(2) തീരുമാനപ്രകാരം 10-ാം വാർഡിൽ ലൈഫ് ഭവനപദ്ധതിയ്ക്ക് വേണ്ടി വിട്ടുകിട്ടിയ സ്ഥലം അളന്ന് തിട്ടപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിനായി സ്ഥലം തെളിച്ച് വൃത്തിയാക്കുന്നതിന് വൗച്ചർ നം.

21900874/21.12.2019 പ്രകാരം ₹8500/- ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സ്ഥലം അളന്ന് തിട്ടപ്പെടുത്തി പോക്ക്-വരവ് നടത്തി രജിസ്റ്റർ ചെയ്ത് പഞ്ചായത്തിന്റെ ആസ്തിയിൽ ചേർത്തതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.11/31.1.2022 -ന് മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത സ്ഥലം പഞ്ചായത്ത് ആസ്തിയിൽ ഉൾപ്പെടുത്തിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

### 1-22 വൗച്ചറുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

2019-20 വർഷം താഴെപ്പറയുന്ന വൗച്ചറുകൾ പ്രകരം ചെലവഴിച്ച തുകകളുടെ ചെലവ് വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

| ക്രമ നം. | വൗച്ചർ നം./ തീയതി | തുക | കുറിപ്പ് |
|---|---|---|---|
| 1. | 201900020/3.4.2019 | 33570/- | പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കുന്നതിന് വേണ്ടി പിൻവലിച്ചതായി വൗച്ചർ ഉണ്ടെങ്കിലും തുകയുടെ ഒടുക്കുവിവരം ലഭ്യമല്ല. (42120/- രൂപയുടെ ചെലാൻ ഫയലിൽ ലഭ്യമാണ്. എന്നാൽ ഈ ചെലവിന്റെ വൗച്ചർ ലഭ്യമല്ല.) |
| 2. | 21900022/3.4.2019 | 27117/- | വൗച്ചർ ലഭ്യമായിട്ടില്ല. |
| 3. | 21900321/23.7.2019 | 10000/- | വൗച്ചർ ലഭ്യമല്ല. സാംഖ്യ ചെക്ക് ഇഷ്യു റിപ്പോർട്ട് പ്രകാരം പ്രസ്തുത വൗച്ചർ ഉപയോഗിച്ച് 10000/- (ചെക്ക് നം.8649/19.6.19/10000/-) മാനേജർക്ക് നൽകിയെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. മറ്റ് വിവരങ്ങൾ ലഭ്യമല്ല. |
| 4. | 219001196 | 5780/- | വൗച്ചർ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. |
| | ആകെ | 76467/- | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.11/31.1.2022-യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 76467/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

### 1-23 ഫെസ്റ്റിവൽ അഡ്വാൻസ് തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നത്

2019-20 വർഷത്തിൽ നൽകിയ ഫെസ്റ്റിവൽ അഡ്വാൻസിൽ അഡ്വാൻസ് രജിസ്റ്റർ പ്രകാരം താഴെപറയും പ്രകാരം ₹21000/- തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നം. | ഉദ്യോഗസ്ഥന്റെ പേരു വിവരം | വൗച്ചർ നം./ തീയതി | തുക | തിരിച്ചടച്ചത് | തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നത് |
|---|---|---|---|---|---|
| 1 | സുധീർ ആർ, ഹെഡ് ക്ലർക്ക് | 21900424/30.8.19 | 15000 | 9000 | 6000 |
| 2 | ബോണി ആർ മണി, ക്ലർക്ക് | 21900424/30.8.19 | 15000 | ഇല്ല | 15000 |
| | | ആകെ | | | 21000 |

തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുക തിരിക ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പാലിയേറ്റീവ് കെയർ , വാഹന ക്വട്ടേഷൻ തുകയിലെ വ്യത്യാസം കാരണം നഷ്ടം ₹72000

| | |
|---|---|
| പദ്ധതി, നം. | പാലിയേറ്റീവ് കെയർ 82/2019-20 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| അടങ്കൽ ₹ | 650000/- (പ്ലാൻ) |
| ചെലവു തുക ₹ | 564765/- (പ്ലാൻ) |
| ബിൽ നം, തുക, തീയതി | 19100252011200455344, 152610, 16-8-19<br>19100252011200591627, 49845,20.9.19<br>19100252011200700466, 40420, 17.10.19 |

| | |
|---|---|
| | 19100252011200824205, 40420, 14.11.19<br>19100252011201002935, 199380,28.12.19<br>19100252011201158159, 41670, 28.01.20<br>19100252011201315552, 40420, 20.02,20 |
| ആകെ | 564765/- |

ചെലവായ തുകയിൽ വാഹന വാടക, പാലിയേറ്റീവ് നഴ്സിന്റെ ഹോണറേറിയം, ഭക്ഷണചെലവ്, മരുന്നുകളുടെ തുക എന്നിവ ഉൾപ്പെടുന്നു. വാഹന വാടകയുടെ വിവരങ്ങൾ ചുവടെ.

| ബിൽ തുക, ₹ | മാസം | വാഹന വാടക തുക, ₹ |
|---|---|---|
| 152610/- | ഏപ്രിൽ,<br>മെയ്<br>ജൂൺ<br>ജൂലൈ | 11250/-<br>20000/-<br>20000/-<br>20000/- |
| 49845/- | ആഗസ്റ്റ് | 20000/- |
| 40420 /- | സെപ്റ്റംബർ | 20000/- |
| 40420 /- | ഒക്ടോബർ | 20000/- |
| 19938 /- | നവംബർ | 20000/- |
| 41670 /- | ഡിസംബർ | 20000/- |
| 40420 /- | ജനുവരി | 20000/- |
| | ആകെ | 191250/- |

മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പാലിയേറ്റീവ് കെയർ പദ്ധതി പ്രകാരം ചെലവായ ₹564765/-ൽ പാലിയേറ്റീവ് കെയറിനായി ഓടിയ വാഹനത്തിന്റെ വാടകയിനത്തിൽ സുനിൽകുമാർ എൻ.എസ് എന്ന വ്യക്തിക്ക് വിവിധ ബില്ലുകളിലായി ₹191250/- നൽകിയിട്ടുണ്ട്. മെഡിക്കൽ ഓഫീസറുടെ 01/03/2019 ലെ 54/19 നം. ക്വട്ടേഷനിൽ 9 പേർ പങ്കെടുക്കുകയും ഏറ്റവും കുറഞ്ഞ നിരക്കായ ₹750/-സുനിൽകുമാർ എൻ.എസ് എന്ന വ്യക്തി ടിയാന്റെ കെ.എൽ-02-സി-6485 നമ്പർ വാഹനം ഓടുന്നതിന് ക്വാട്ട് ചെയ്യുകയും ചെയ്തു. തുടർന്ന് 2019 ഏപ്രിൽ മാസത്തിൽ 15 ദിവസങ്ങൾ ₹750/- നിരക്കിൽ വാഹനം പാലിയേറ്റീവ് കെയറിനായി ഓടിയിട്ടുണ്ട്. എന്നാൽ മെഡിക്കൽ ഓഫീസർ 02/05/2019 ൽ 100/19 നമ്പരായി റീക്വട്ടേഷൻ നടത്തിയിരിക്കുന്നു. മേൽ വ്യക്തി തന്നെ ഒരു ദിവസം ഓടുന്നതിന് ₹1250/- രൂപ എന്ന ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്യുകയും അതു പ്രകാരമുള്ള തുക നൽകുകയും ചെയ്തു. ₹750/-രൂപയ്ക്ക് ക്വാട്ട് ചെയ്തു 2019 ഏപ്രിൽ മാസത്തിൽ വാഹനം ഓടിച്ച വ്യക്തിക്ക് റീക്വട്ടേഷനിലൂടെ ₹ 1250/- ഉറപ്പിച്ചു നൽകിയിരിക്കുന്നു. റീക്വട്ടേഷൻ നടത്താനുണ്ടായ സാഹചര്യവും അതു പ്രകാരമുള്ള തുക 2019-20 ലെ അവശേഷിക്കുന്ന മാസങ്ങളിൽ നൽകിയതിനും ക്വട്ടേഷൻ ഉറപ്പിച്ച് നൽകിയതിന്റെ വിവരങ്ങൾ, തയ്യാറാക്കിയ എഗ്രിമെന്റുകൾ, വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പകർപ്പ് എന്നിവയും ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ അന്വേഷണ കുറിപ്പ് 1, (28.01.22) ന് മറുപടിയായി 2 മാസം ₹750/-ന് വാഹനം ഓടിയതിനു ശേഷം വർദ്ധിച്ചു വരുന്ന ഡീസൽ വില, സ്പെയർ പാർട്സ് വില എന്നിവ മൂലം ഈ നിരക്കിൽ വാഹനം ഓടിക്കുവാൻ കഴിയുകയില്ലായെന്ന് സുനിൽകുമാർ എൻ.എസ് മെഡിക്കൽ ഓഫീസറെയും കമ്മിറ്റിയെയും അറിയിച്ചതായും, തുടർന്ന് ക്വട്ടേഷൻ പ്രകാരമുള്ള മറ്റു വ്യക്തികളെ അറിയിച്ചെങ്കിലും ആരും വാഹനം ഓടിക്കുവാൻ തയ്യാറാകാത്ത സാഹചര്യത്തിൽ പഞ്ചായത്ത് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം മെഡിക്കൽ ഓഫീസർ റീക്വട്ടേഷൻ ക്ഷണിക്കുകയും കുറഞ്ഞ തുക ക്വാട്ടു ചെയ്ത സുനിൽകുമാർ എൻ.എസ് ന് തന്നെ ക്വട്ടേഷൻ ഉറപ്പിച്ചു നൽകുകയും ചെയ്തു. ക്വട്ടേഷൻ നടപടിക്രമങ്ങൾ പഞ്ചായത്ത് കമ്മിറ്റിയെ അറിയിച്ചിട്ടുള്ളതും പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടുള്ളതുമാകുന്നു എന്നാണ് മറുപടിയിൽ അറിയിച്ചിരിക്കുന്നത്. വാഹനം ഓടിക്കുവാൻ കഴിയുകയില്ലായെന്ന് സുനിൽകുമാർ എൻ.എസ് മെഡിക്കൽ ഓഫീസറെയും കമ്മിറ്റിയെയും അറിയിച്ച വിവരങ്ങളോ, ക്വട്ടേഷൻ പ്രകാരമുള്ള മറ്റു വ്യക്തികളെ പകരം വാഹനം ഓടിക്കുവാൻ അറിയിച്ച കാര്യങ്ങളോ ഒന്നും തന്നെ ഫയലിൽ കാണുകയുണ്ടായില്ല. ക്വട്ടേഷൻ നടപടിക്രമങ്ങൾ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടുള്ളതായ മിനിട്ട്സും ഫയലിൽ കാണുകയുണ്ടായില്ല. കൂടാതെ മറുപടിയോടൊപ്പം ഹാജരാക്കിയിരിക്കുന്ന വാഹനത്തിന്റെ സർട്ടിഫിക്കറ്റുകളിൽ നിന്നും മേൽ വാഹനത്തിന്റെ രജിസ്ട്രേഷൻ കാലാവധി 30.06.2014 വരെ മാത്രമാണുള്ളത്. കൂടാതെ വാഹനത്തിന്റെ ഫിറ്റ്നെസ് കാലാവധി 14.01.2014 ൽ അവസാനിച്ചിട്ടുള്ളതുമാണ്. ഈ കാര്യങ്ങളൊന്നും തന്നെ നിർവ്വഹണ ഉദ്യോഗസ്ഥ കണക്കിലെടുത്തിട്ടില്ല. പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കാതെയും അറിയാതെയുമാണ് നിർവ്വഹണ ഉദ്യോഗസ്ഥ വാഹന ക്വട്ടേഷൻ ഉറപ്പിച്ചു തുക നൽകിയിരിക്കുന്നത്. ഇതു നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഭാഗത്തു നിന്നുള്ള ഗുരുതരമായ കൃത്യവിലോപമായി ഓഡിറ്റ് വിലയിരുത്തുന്നു. ലഭ്യമായ രേഖകൾ പ്രകാരം 2019 ഏപ്രിൽ മാസത്തിൽ 15 ദിവസങ്ങൾ ഓടിയതിന് ₹750/- നിരക്കിലും

മെയ് മുതൽ ജനവരി വരെയുള്ള മാസങ്ങളിൽ 16 ദിവസങ്ങൾ വീതം ഓടിയതിന് ₹1250/- നിരക്കിലും വാഹന വാടകയിനത്തിൽ നൽകിയിട്ടുണ്ട്. 2019 മെയ് മുതൽ ജനവരി വരെയുള്ള മാസങ്ങളിൽ വാഹന വാടകയിനത്തിൽ ആകെ 180000/- നൽകിയിട്ടുണ്ട്. ₹750/ നിരക്കിൽ ₹108000/- നൽകേണ്ട സ്ഥാനത്ത് ₹1250/നിരക്കിൽ നൽകിയതിനാൽ ₹72000/- (180000-108000) അധികം നൽകിയിട്ടുണ്ട്. അധികമായി നൽകിയ ₹72000/- ഓഡിറ്റിൽ നിരാകരിക്കുന്നു. അധികം നൽകിയ തുക ഉത്തരവാദിയായ മെഡിക്കൽ ഓഫീസറിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

3-2 കുടമാൻകുളം കമ്യൂണിറ്റി ഹാളിന് ഫർണിച്ചർ- അപാകതകൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നം. | 147/2020 |
| അടങ്കൽ | 100000/-(വികസന ഫണ്ട്) |
| ബിൽ നം./ തീയതി/ തുക | 1910025201440051456/29.08.2019 ₹100000/- |

കുടമാൻകുളം കമ്യൂണിറ്റി ഹാളിലേയ്ക്ക് കയ്യില്ലാത്ത പ്ലാസ്റ്റിക് കസേരകൾ-125, നോവാപാൻ ടോപ്പോടുകൂടിയ സ്റ്റീൽ മേശ -1, സ്റ്റീൽ ഓഫീസ് അലമാര- 1, എക്സിക്യൂട്ടീവ് ഓഫീസ് ചെയർ കൈപ്പിടിയോടുകൂടിയത് – 1 എന്നിവ വാങ്ങുന്നതിനായി രൂപികരിച്ച പദ്ധതിയാണിത്. ഇതിനായി പരസ്യപ്പെടുത്തിയ ടെണ്ടർ നോട്ടീസ് നമ്പർ A4-195/19/13.02.19 പ്രകാരം ലഭിച്ച ടെണ്ടറുകളിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിരിക്കുന്നത് ജയ്സൺ ഇംപക്സ്, പാല എന്ന സ്ഥാപനമാണ്.

'ജയ്സൺ ഇംപക്സ്, പാല ആണ് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിരിക്കുന്നത് എന്നാൽ എല്ലാ സാധനങ്ങളും ജെയ്സൺ ഇംപക്സ് നേരിട്ട് നിർമ്മിക്കുന്നതല്ല' എന്ന കാരണത്താൽ പഞ്ചായത്ത് കമ്മറ്റിയുടെ 05.03.2019ലെ തീരുമാന പ്രകാരം ഒഴിവാക്കി കൂടിയ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനമായ ജെ ജെ ട്രേഡേഴ്സ്, വൈക്കം എന്ന സ്ഥാപനത്തിന് ടെണ്ടർ ഉറപ്പിച്ച് നൽകിയിരിക്കുന്നു.

ഈ രണ്ട് സ്ഥാപനങ്ങളും രേഖപ്പെടുത്തിയിരുന്ന ടെണ്ടർ നിരക്കുകൾ താഴെ ചേർക്കുന്നു.

| ടെണ്ടർ നോട്ടീസ് പ്രകാരം ആവശ്യമുള്ള ഇനം | ജയ്സൺ ഇംപക്സ് | | ജെ ജെ ട്രേഡേഴ്സ് | | ടെണ്ടർ നോട്ടീസിൽ ആവശ്യമുള്ള സ്പെസിഫിക്കേഷൻ അനുസരിച്ച് കുറഞ്ഞ നിരക്ക് |
|---|---|---|---|---|---|
| പ്ലാസ്റ്റിക് കസേര- കയ്യില്ലാത്തത്, വെർജിൻ പ്ലാസ്റ്റിക്, ISI സ്റ്റാൻഡേർഡ്- 125എണ്ണം | അംബാസിഡർ– 100% വെർജിൻ പ്ലാസ്റ്റിക്, ISOക്വാളിറ്റി, 2വർഷ വാറന്റി | ₹435 | നീൽകമൽ 4002- | ₹495 | 475 |
| | ആരിസ്സ്- 100% വെർജിൻ പ്ലാസ്റ്റിക്, ISIക്വാളിറ്റി, 2വർഷ വാറന്റി | ₹475 | | | |
| നോവാപാൻ ടോപ്പോട്ടുകൂടിയ സ്റ്റീൽ ഓഫീസ് ടേബിൾ- ടൈപ്പ്.4x 2 ഡ്രോ- 1, കബോർഡ്-1 ISI സ്റ്റാൻഡേർഡ്, 18,20,22 ഗേജ് 1 എണ്ണം | 18ഗേജ്, 3വർഷ വാറന്റി | ₹3250 | | | ₹2850 |
| | 20ഗേജ്, 2വർഷ വാറന്റി | ₹2850 | 20ഗേജ് | ₹3840 | |
| | 22 ഗേജ്, 1വർഷ വാറന്റി | ₹2550 | | | |
| ഓഫീസ് ചെയർ – കയ്യുള്ളത്. ISI സ്റ്റാൻഡേർഡ് 1 എണ്ണം | X-ചെയർ-1വർഷ വാറന്റി | ₹2800 | | | |
| | റിവോൾവിംഗ് ചെയർ -2വർഷ വാറന്റി | ₹6000 | | | |
| | ഹൈബാക്ക് റിവോൾവിംഗ് ചെയർ - 3വർഷ വാറന്റി | ₹10000 | ഹൈബാക്ക്,ഹൈറ്റ് അഡ്ജസ്റ്റബിൾ റിവോൾവിംഗ് ചെയർ -നീൽകമൽ/ഗിൽമാ- | ₹10960 | ₹10000 |
| ഓഫീസ് അലമാര- സ്റ്റീൽ 6 1/2x3x1 ½ ISI സ്റ്റാൻഡേർഡ് 18,20,22 ഗേജ്. 1 എണ്ണം | 18ഗേജ്, 3വർഷ വാറന്റി | ₹12000 | | | |
| | 20ഗേജ്, 2വർഷ വാറന്റി | ₹10000 | 20ഗേജ്- | ₹11480 | ₹10000 |
| | 22 ഗേജ്, 1വർഷ വാറന്റി | ₹7900 | | | |

ജെ ജെ ട്രേഡേഴ്സിന്റെ ഇൻവോയ്സ് നം 32/28.03.2019 പ്രകാരം കയ്യില്ലാത്ത കസേരകൾ 149 എണ്ണമാണ് വാങ്ങിയിരിക്കുന്നത്. മറ്റിനങ്ങൾ ടെണ്ടർ നോട്ടീസിൽ രേഖപ്പെടുത്തിയിരിക്കുന്ന എണ്ണം തന്നെയാണ് വാങ്ങിയിരിക്കുന്നത്. കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തിൽ നിന്ന് വാങ്ങൽ നടത്തിയിരുന്നു എങ്കിൽ അനുവദിക്കാവുന്ന തുക.

| ഇനം | എണ്ണം | നിരക്ക് | അനുവദിക്കാവുന്ന തുക |
|---|---|---|---|
| പ്ലാസ്റ്റിക് കസേര- കയ്യില്ലാത്തത് | 149 | ₹475/- | 70775 |
| നോവാപാൻ ടോപ്പോട്ടുകൂടിയ സ്റ്റീൽ ഓഫീസ് ടേബിൾ | 1 | ₹2850/- | 2850 |
| ഓഫീസ് ചെയർ -കയ്യുള്ളത് | 1 | ₹10000/ | 10000 |
| ഓഫീസ് അലമാര- സ്റ്റീൽ | 1 | ₹10000/- | 10000 |
| ആകെ | | | 93625 |

അധികം നല്കിയ തുക ₹100000-93625= ₹6375/-.

അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നേരിട്ട് നടത്തിയ പരിശോധനയിൽ ഓഫീസ് ചെയർ – കയ്യുള്ളത് അവിടെ സൂക്ഷിച്ചിട്ടുള്ളതായി കണ്ടില്ല. മാത്രമല്ല ഓഡിറ്റ് റിക്വിസിഷൻ നം 1/27.01.2022 നൽകി ആവശ്യപ്പെട്ടിട്ടും സ്റ്റോക്ക് രജിസ്റ്റർ

പരിശോധനക്ക് ഹാജരാക്കിയില്ല. അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 10/29.01.2022ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ₹6375/-യുടെ ചെലവ് അംഗീകരിക്കുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥനും പഞ്ചായത്ത് കമ്മറ്റി അംഗങ്ങളും നഷ്ടോത്തരവാദികളാണ്. കൂടാതെ പരിശോധനയിൽ കാണാതിരുന്ന ഹൈബാക്ക്, ഹൈറ്റ് അഡ്ജസ്റ്റബിൾ റിവോൾവിംഗ് ചെയർ -നീൽകമൽ ന് ജെ ജെ ട്രേഡേഴ്സിന്റെ ഇൻവോയ്സ് നം 32/28.03.2019 പ്രകാരം മുകളിൽ സൂചിപ്പിച്ച ബില്ലിൽ നിന്ന് ചെലവഴിച്ച ₹10960/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | ഓഡിറ്റിനോടൊപ്പം പരിശോധിച്ചു. | - |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് നല്കിയ തുകകൾ

ഇല്ല

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടില്ല.

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ₹1,47,80,000/- വരവുണ്ട്. പ്രസ്തുത തുക വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | ഉത്തരവ് പ്രകാരം അനുവദിച്ച വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹ | തൻവർഷം ലഭിച്ച തുക ₹ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|---|
| | | | | | മുതൽ ₹ | പലിശ ₹ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ.(സാധാ) 688/2019/ ത.സ്വ.ഭ.വ തീ:22.03.2019 | ₹2,20,000x153 ഗുണഭോക്താക്കൾ ₹3,36,60,000 | 17104446 | 14780000 | 2441719 | - | 29442727 |

തൻവർഷം സർക്കാർ ഉത്തരവ് പ്രകാരം വായ്പ തിരിച്ചടവ് ഇനത്തിൽ 2441176/- സ്രോതസിൽ നിന്നും കറവ് ചെയ്തിട്ടുണ്ട്. എന്നാൽ ഈ തുക വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. വാർഷിക പത്രികയിൽ ₹543/- ചെലവുള്ളതായി കാണിച്ചിട്ടുണ്ട്. വായ്പ രജിസ്റ്റർ ലഭ്യമാകാത്തതിനാൽ ഈ ചെലവിന്റെ കൃത്യത ബോധ്യപ്പെട്ടില്ല. വാർഷിക കണക്കുകൾ പ്രകാരമുള്ള തുകയാണ് മുകളിൽ ചേർത്തിരിക്കുന്നത്.

### 4-6 സ്ഥിര നിക്ഷേപം

ഇല്ല

### 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 3740/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2012-13 | 3-3 | 3740 | അവിനാഷ് വി., അസിസ്റ്റന്റ് എഞ്ചിനീയർ | 119020100744/24.07.2019 |

### 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23, വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് | ഖണ്ഡിക | സമാഹൃത | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| വർഷം | | റിപ്പോർട്ട് വർഷം | | | |
|---|---|---|---|---|---|
| 2009-10 | 3-2 | 2011-12 | 2-4 | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ധനസഹായം | പരാമർശം തുടരുന്നു |

4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

– ഇല്ല –

ബി) സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

| ക്രമ നം. | വർഷം | ഖ. നം | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർട്ടിഫിക്കറ്റ് | | സ്വയം ഒടുക്കിയ തുക, രസീത് നം. തീയതി | സർചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? (ഉണ്ട്/ഇല്ല) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക, തീയതി | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമാക്കിയ തുക | ഒടുക്കുവാൻ അവശേഷിക്കുന്ന തുക/ ബാധ്യത |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പർ/ തീയതി | തുക ₹ | | | | ഉൾപ്പെട്ട തുക ₹ | ഈടാക്കിയ തുക ₹ | | |
| 1 | 2003-2004 | 3-2 | കെ. ബാബു, സെക്രട്ടറി | എൽ.എഫ്. 2363/സ്പെ. സെൽ/എസ്. സി.2/07 തീ. 02.11.17 | 1114 | ₹1114/- 117020101568 തീ. 02.11.17 | | -- | -- | | 1114 | 0 |
| 2 | 1997-1998 | 25 | പി. എസ്. സുരേന്ദ്രൻ | എൽ.എഫ്. 14612/സ്പെ. സെൽ/എസ്. സി.2/01 തീ. 16.09.02 | 1010 | അടവാക്കിയില്ല | | - | - | | - | 1010 |

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | ₹59,93,368 |
| ഓഡിറ്റ് വർഷത്തെ വരവ് | ₹7,47,67,611 |
| ആകെ | ₹8,07,60,979 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹7,12,65,971 |
| നീക്കിയിരിപ്പ് | ₹94,95,008 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹78,375 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹4,27,864 |

(ബി) ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ ₹ | സർചാർജ് ചെയ്യാവുന്നവ ₹ | |
| 3-1 | - | 72000/- | ഡോ. ദീപ്തി എസ് ബാല , മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി |
| 3-2 | - | 425 | ശ്രീ. റ്റിജി തോമസ്, സെക്രട്ടറി |
| | | 425 | ശ്രീമതി. സാലിഹ, മെമ്പർ |
| | | 425 | ശ്രീ. മുഹമ്മദ് നിസാർ പി.വൈ., മെമ്പർ |
| | | 425 | ശ്രീ. പി.ഇ. വർക്കി, മെമ്പർ |
| | | 425 | ശ്രീമതി. മോളി ജോർജ്ജ്, മെമ്പർ |
| | | 425 | ശ്രീ. കെ.ആർ. വിജയൻ, മെമ്പർ |
| | | 425 | ശ്രീ. ജോസ് മാത്യു, മെമ്പർ |
| | | 425 | ശ്രീമതി. സാലിക്കുട്ടി ജോസഫ്, മെമ്പർ |

| | | |
|---|---|---|
| | 425 | ശ്രീമതി. ശ്യാമള മോഹനൻ, മെമ്പർ |
| | 425 | ശ്രീമതി. പ്രഭാവതി ബാബു, മെമ്പർ |
| | 425 | ശ്രീമതി. മിനി സുധാകരൻ, മെമ്പർ |
| | 425 | ശ്രീ. മധു. വി.ജി. മെമ്പർ |
| | 425 | ശ്രീമതി. ഏലിയാമ്മ ജോസഫ്, മെമ്പർ |
| | 425 | ശ്രീ. കെ.റ്റി. ബിനു, മെമ്പർ |
| | 425<br>---------<br>6375 | ശ്രീ. ബിജുമോൻ. പി.ആർ., മെമ്പർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| | | |
|---|---|---|
| 1-17 | 23000 | ശ്രീ. റ്റി ജി തോമസ്, സെക്രട്ടറി |
| 1-18 | 10960 | ശ്രീ. റ്റിജി തോമസ്, സെക്രട്ടറി |
| 1-19 | 317437 | ഡോ. ജോസ് ഇ. ഫിലിപ്പ്, വെറ്ററിനറി സർജൻ |
| 1-22 | 76467 | ശ്രീ. റ്റിജി തോമസ്, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. ദീപ്തി എസ് ബാല, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി, ആലത്തൂർ | ദീപാ നിവാസ്<br>മാർക്കറ്റ് റോഡ്<br>കുഴിയിൽ മുക്ക്<br>ആറ്റിങ്ങൽ<br>695101 |
| ശ്രീ. റ്റിജി തോമസ്, സെക്രട്ടറി | സെക്രട്ടറി<br>പെരുവന്താനം ഗ്രാമപഞ്ചായത്ത് | വടക്കേൽ വീട്<br>RPC P. O.<br>മുണ്ടക്കയം |
| ഡോ. ജോസ് ഇ. ഫിലിപ്പ് വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ<br>പെരുവന്താനം ഗ്രാമപഞ്ചായത്ത് | എരുപ്പക്കാട് വീട്<br>പാറത്തോട് പി.ഒ.<br>വെളിച്ചിയാനി<br>കോട്ടയം ജില്ല |
| ശ്രീമതി. സാലിഹ | മെമ്പർ, വാർഡ് 1 | പാറയിൽ, കൊടികുത്തി, പെരുവന്താനം-685532 |
| ശ്രീ. മുഹമ്മദ് നിസാർ പി.വൈ | മെമ്പർ, വാർഡ് 2 | പാറയ്ക്കൽ, പെരുവന്താനം-685532 |
| ശ്രീ. പി.ഇ. വർക്കി | മെമ്പർ, വാർഡ് 3 | പള്ളിക്കുന്നേൽ, പെരുവന്താനം-685532 |
| ശ്രീമതി. മോളി ജോർജ്ജ് | മെമ്പർ, വാർഡ് 4 | എടയ്ക്കാട്ട്, അമലഗിരി, പെരുവന്താനം-685532 |
| ശ്രീ. കെ.ആർ വിജയൻ | മെമ്പർ, വാർഡ് 5 | കണയങ്കൽ, കൊടികുത്തി, പെരുവന്താനം-685532 |
| ശ്രീ. ജോസ് മാത്യു | മെമ്പർ, വാർഡ് 6 | വെട്ടിയാങ്കൽ, കണയങ്കവയൽ, കണയങ്കവയൽ പി.ഒ. -685532 |
| ശ്രീമതി. സാലിക്കുട്ടി ജോസഫ് | മെമ്പർ, വാർഡ് 7 | പടന്നമാക്കൽ, കണയങ്കവയൽ, കണയങ്കവയൽ പി.ഒ. -685532 |
| ശ്രീമതി. ശ്യാമള മോഹനൻ | മെമ്പർ, വാർഡ് 8 | കാപ്പിയിൽ, മൂഴിക്കൽ, കോരുത്തോട് പി.ഒ. |
| ശ്രീമതി. പ്രഭാവതി ബാബു | മെമ്പർ, വാർഡ് 9 | വരണയിൽ, കുപ്പക്കയം, കുപ്പക്കയം പി.ഒ. |
| ശ്രീമതി. മിനി സുധാകരൻ | മെമ്പർ, വാർഡ് 10 | പൊങ്ങൻപാറയിൽ, തെക്കേമല, പാലൂർക്കാവ് പി.ഒ. |
| ശ്രീ. മധു. വി.ജി | മെമ്പർ, വാർഡ് 11 | വട്ടത്തുണ്ടത്തിൽ, പാലൂർക്കാവ്, പാലൂർക്കാവ് പി.ഒ. |
| ശ്രീമതി. ഏലിയാമ്മ | മെമ്പർ, വാർഡ് 12 | കുന്നപ്പള്ളിയിൽ, തെക്കേമല, |

| | | |
|---|---|---|
| ജോസഫ് | | പാലൂർക്കാവ് പി.ഒ. |
| ശ്രീ. കെ. റ്റി. ബിനു | മെമ്പർ, വാർഡ് 13 | കട്ടത്തറിയിൽ, മുണ്ടക്കയം ഈസ്റ്റ് |
| ശ്രീ. ബിജുമോൻ പി.ആർ | മെമ്പർ, വാർഡ് 14 | പ്ലാക്കൽ, അമലഗിരി, പെരുവന്താനം-685532 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | |
|---|---|---|---|
| | | എണ്ണം | നമ്പർ |
| 1997-1998 | എൽ.എഫ്.ഐ-6/703/99തീ.28.09.2000 | 1 | 25 |
| 1999-2000 | എൽ.എഫ്.ഐ-6/188/01തീ.12.07.2001 | 1 | 19(1) |
| 2001-2002 | എൽ.എഫ്.ഐ-6/701/03തീ. 03.07.2004 | 2 | 2-4,<br>3-3(ബി) |
| 2006-2007 | എൽ.എഫ്.ഐ-8/803/12തീ.01.08.2012 | 14 | 2-1 മുതൽ 2-5 വരെ<br>3-1 മുതൽ 3-6 വരെ |
| 2007-2008 | എൽ.എഫ്.ഐ-8/474/15 തീ.10.06.2015 | 13 | 2-1 മുതൽ 2-7 വരെ<br>3-1 മുതൽ 3-6 വരെ |
| 2008-2009 | എൽ.എഫ്.ഐ-8/558/11 തീ.09.01.2014 | 13 | 2-1 മുതൽ 2-6 വരെ<br>3-1 മുതൽ 3-7 വരെ |
| 2009-2010 | കെ.എസ്.എ.-ഐ.ഡി.കെ.-8/948/16<br>തീ. 21.07.2016 | 7 | 2-1 മുതൽ 2-5 വരെ<br>3-1, 3-2 |
| 2010-2011<br>&<br>2011-2012 | എൽ.എഫ്.ഐ.-8/470/14<br>തീ.19.08.2014 | 15 | 2-1, 2-2, 2-3,<br>3-1 വരെ 3-4 വരെ |
| 2012-2013 | എൽ.എഫ്.ഐ-8/310/15തീ.07.07.2015 | 11 | 1, 2-1,<br>3-2 മുതൽ 3-10 വരെ |
| 2013-2014 | കെ.എസ്.എ.ഐ.ഡി.കെ-8/81/2016/<br>തീ.18.02.2016 | 7 | 2-1,<br>3-1 മുതൽ 3-6 |
| 2014-2015 | കെ.എസ്.എ.ഐ.ഡി.കെ-8/487/18<br>തീ.02.052018 | 6 | 2-1, 2-2<br>3-1 മുതൽ 3-4 വരെ |
| 2015-2016 | കെ.എസ്.എ.ഐ.ഡി.കെ-8/1030/17 തീ.31.10.17 | 10 | 1-12, 2-1, 2-2,<br>3-2, 3-3, 3-4,<br>3-5, 3-6,3-9, 3-10 |
| 2016-2017 | കെ.എസ്.എ.ഐ.ഡി.കെ-8/360/17 തീ.22.06.17 | 19 | 2-1 മുതൽ 2-5 വരെ<br>3-1 മുതൽ 3-14 വരെ |
| 2017-18 | കെ.എസ്.എ.ഐ.ഡി.കെ-8/117/2018 തീ.02.03.2019 | 10 | 2-2,3-2,3-4, 3-6<br>മുതൽ 3-12 വരെ |
| 2018-19 | കെ.എസ്.എ.ഐ.ഡി.കെ-8/838/19 തീയതി. 15.10.2019 | 45 | 1-11 മുതൽ 1-32 വരെ<br>3-1, 3-2 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ പെരുവന്താനം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ പെരുവന്താനം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്